THE CHURCH WEEKLY

Vol. VIII. | SUNDAY 5TH SEPTEMBER 1954 | PRICE 2 ANNAS A COPY | NO. 35

# THE PEACE TERMS

*We reproduce below the peace terms submitted by each part with a view to reconcile the differences that had kept the two wings of the Orthodox Syrian Church for the last forty four years in incessant litigation.*

*(Without Prejudice)*

## Subject to the Approval of the Patriarch of Antioch

*Peace-terms offered by the Patriarch's party on 24-8-54.*

1. The Patriarch of Antioch is the supreme Head of the Universal Syrian Orthodox Church of which the Malankara Syrian Orthodox Church forms a part.

2. In response to the wishes of His people in Malankara and with a view to composing the differences among them, the Patriarch of Antioch has been pleased to recognise the Malankara Church as a Catholicate.

3. The Delegate of the Patriarch shall meet the Catholicose with the letter of acceptance by the Patriarch as well as a letter authorising him to act on behalf of the Patriarch in this matter and present to the Catholicose the letter of authorisation. The Catholicose shall then hand over his letter of acceptance to the Delegate of the Patriarch. The Delegate of the Patriarch after prayers, shall deliver to the Catholicose the letter of acceptance by the Patriarch.

(a) Letter from Catholicose:-

"We acknowledge your Holiness as the Supreme Head of the Universal Syrian Orthodox Church and as the High priest in occupation of the Exalted Throne of Antioch."

(b) Letter from Patriarch:-

"In response to the wishes of our people in Malankara and in order to compose the differences among them and in view of the letter which you have handed over to our Delegate, we are pleased to recognise the Malankara Church as a Catholicate and to accept you as the Catholicose of India and Far East. We accept the Metropolitans, Episcoppas, Priests, and believers under you and bless them."

4. All questions of faith shall be decided by the Synod of the Universal Syrian Orthodox Church presided over by the Patriarch and it shall be the prerogative of the Patriarch to promulgate such decision.

5. The Catholicose shall be consecrated by the Patriarch of Antioch.

(a) Whenever the office of the Catholicose falls vacant, a person for the office shall be duly elected by the Malankara Association and approved by the Malankara Synod.

(b) The Malankara Synod shall invite the Patriarch to Malankara for the consecration, in which case, the Malankara Church shall bear the expenses of His tour to and fro. However, if the Patriarch pleases, he may fix the veneue of the consecration and in that case the Catholicose elect should proceed to such place at the expense of the Malankara Church.

(c) If after due compliance of the provisions in Cl 5, (a) and (b) supra, the consecration of the Catholicose happens to be delayed by the Holy Throne of Antioch and if and when the Malankara Association and Synod decide that the administration of the Malankara Church is thereby interrupted, the Malankara Synod may consecrate the Candidate as the Catholicose.

6. The Holy Moorone consecrated by the Patriarch shall be used in the Malankara Church. If owing to any unforseen circumstances the Malankara Church is not able to get the Holy Moorone from the Patriarch, the Malankara synod may authorise the Catholicose to consecrate the Holy Moorone for the occasion.

7. The Malankara Metropolitan shall forward annually to the Patriarch the Ressissa collected for the Patriarch.

8. When the office of the Malankara Metropolitan falls vacant, a person for the office shall be duly elected by the Malankara Association and the Catholicose in Synod shall appoint him as the Malankara Metropolitan.

9. Subject to the above said provisions, the Malankara Church shall be an autonomous Church to be administrated by the Catholicose, the Episcopal Synod and the Malankara Association.

10. Subject to the above terms and conditions, the Malankara Church shall be governed by the Canon of Bar Hebreus. The Malankara Synod shall decide for themselves which version of the same has to be accepted for the use of the Malankara Church.

11. Any rules, custom, usage or practice inconsistant with the provisions, herein contained shall hereafter have no force.

*...udice)*

## ...e Catholicos ...on 21-8-54

... Patriarch of Antioch is ...preme Spiritual Head of the ...iversal Syrian Orthodox Church of which the Malankara Syrian Orthodox Church forms a part

2. With a view to composing the differences in the Church the Patriarch of Antioch has been pleased to recognise the Catholicate in Malankara·

3· The representative of the Patriarch shall meet the Catholicose with the letter of acceptance by the Patriarch as well as a letter authorising him to act on behalf of the Patriarch in this matter and present to the Catholicos the letter of authorisation· The Catholicos shall then hand over his letter of acceptance to the representative of the Patriarch.Then the representative of the Patriarch after prayers shall deliver to the Catholicos the letterof acceptance bythe Patriarch·

*N. B.* (1) Prayer should be in the form accepted by us or by silent prayer·

(2) The time and occasion of the prayer will be decided after mutual discussion·

(a) Letter from Catholicos·

We acknowledge your Holiness as the Supreme Spiritual Head of the Universal Syrian Orthodox Church, in occupation of the Exalted throne of Antioch· In pursuance of the same, we are pleased to accept the Metropolitans, Priests and Believers in the Church in Malankara who differ from us and bless them.

(b) The Letter from Patriarch·

With a view to composing differences among the people in the Church in Malankara, we are pleased to recognise the Catholicate in Malankara and to accept the Catholicos, Metropolitans, Bishops, Priests and Believers and we bless them·

4· The Synod of the Universal Syrian Orthodox Church shall be presided over by the Patriarch and it shall be the preorogative of the Patriarch to promulgate its decisions·

5 (a) Whenever the office of the Catholicos falls vacant a person for the office shall be elected by the Malankara Synod·

(b) The Malankara Synod shall at their discretion either send the selected person to the Patriarch with the representative of the Malankara Synod to co operate with the Patriarch in the consecration or invite the Patriarch to Malankara to perform the consecration as the head of the consecrating Synod· If the Patriarch accordingly arrives his expenses to and fro shall be met by the Malankara Church·

(c) If after due compliance of the previous provisions of (a) and (b) supra the consecration of the Catholicos is delayed and if and when the Malankara Synod decided that the administration in Malankara Church is thereby interrupted, the Malankara Synod may consecrate the candidate as Catholicos·

6 The Holy Moorone consecrated by the Patriarch shall be used in the Malankara Church· If owing to any unforseen circumstances the Malankara Church, is not able to get the Holy Moorone from the Patriarch and the Malankara Synod so decide the Catholicos may consecrate the Holy Moorone for the occasion·

7. The Malankara Metropolitan shall forward annually to the Patriarch the Ressisa collected for the Patriarch.

8. Subject to the above said provisions, the administration of the Malankara Church shall vest ultimately in the Catholicos, the Episcopal Synod and the Malankara Association.

9· Subject to the above terms and conditions the Malankara Church shall be governed by the Canon of Bar Hebreus· The Malankara Synod has the full right to decide for themselves which version of the same has to be accepted for the Malankara Church·

10· When the office of the Malankara Metropolitan falls vacant a person for the office shall be elected by the Malankara Association and it shall be the right of the Catholicos-in-Synod to consecrate him (if he is not a Bishop) and to confirm him in that post·

11· Any rules, custom, usage or practice inconsistent with the provisions herein contained shall hereafter have no force·

Kottayam,
21 8-1954·

### ചർച്ച് വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | പ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യയ്ക്കു വെളിയിൽ | 8 | 0 | 0 |


## ജയഭാരതം ആര്യവൈദ്യശാല (Regd.)

**H. O. പുനലൂർ.**

**ഏജൻസികൾ**— അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ട്, കല്ലിശ്ശേരി, ഏഴകോൺ സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ട്, ചെങ്ങമനാട്ട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

അസ്സീസ്സിയിലെ ഫ്രാൻസിസ് 10

# കണ്ണി പൊട്ടി, മാമൂൽപ്രിയം ഞെട്ടി

എം. കുര്യൻ ബി. എസ്‌സി., കോതമംഗലം

പച്ചപുതച്ച ആ വനകന്യകയുടെ വിരിമാർവിൽ ചാരിയിരുന്ന്, ചക്രവാളസീമയോളം നീണ്ടു നിവർന്നു കിടക്കുന്ന നീലാഭ്രത്തെനോക്കി പ്രകൃതി സൗന്ദര്യമകരന്ദം ആവോളം പാനം ചെയ്യുക എത്ര സുഖമായ ഒരു ഹൃദ്യകർമ്മമാണ്! ആകാശവേദിയിൽ തെളിഞ്ഞ നക്ഷത്രങ്ങളും അവിടവിടെ മിന്നിപ്പൊലിയുന്ന ജ്യോതിർ ഗോളങ്ങളും അങ്ങകലെ അസ്സീസ്സിക്കുന്നിൽ ഉയർന്നു കാണുന്ന ദീപങ്ങളും അംബരവീഥിയെ മനോജ്ഞമാക്കി. പച്ചക്കുതിരകളുടെ അനുസ്യൂതമായ ചിറകടിയും ചീവിടിന്റെ ശല്യകാരിയായ ഝംകാരശബ്ദവും തവളകളുടെ ഇടവിട്ടുള്ള ആക്രന്ദനങ്ങളും മാത്രമേ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നുള്ളൂ. തരുലതാദികൾക്കു സ്വാഭാവികമായ ആ ആരണ്യ ഗന്ധം ക്രമേണ നാസാരന്ധ്രങ്ങളിൽ അടിച്ചു കയറാൻ തുടങ്ങി. പോർട്ട്യാങ്കുലയിലെ മലഞ്ചെരുവുകളിലും ചുറ്റുപാടുമുള്ള സമപ്രദേശങ്ങളിലുമെല്ലാം സുന്ദരികളായ കന്യകകളെപ്പോലെ പുതുമലരുകൾ പൂക്കാലത്തെ അഭിവാദനം ചെയ്തു. ആ ആരണ്യ പ്രദേശത്തുള്ള സർവ ജീവജാലങ്ങളിലും ഒരു പുതിയ ആനന്ദം തിരയടിച്ചു. പോർട്ട്യാങ്കുലയിലെങ്ങും പരിമളം തുളുമ്പിനിന്നിരുന്നു. കാട്ടുചെമ്പകങ്ങളിൽ നിന്നും പനിനീർസുമങ്ങളിൽനിന്നും ഉതിർന്ന സുഗന്ധവും എം മരങ്ങളിൽ നിന്നും മുന്തിരിച്ചെടികളിൽനിന്നും പുറപ്പെട്ട ഗന്ധവിശേഷങ്ങളും ഹൃദയഹാരിതന്നെ. അവിടത്തെ സ്വച്ഛത ആമോദജനകമായിരുന്നു. നിശ്ശബ്ദ സംഗീതത്തിലൂടെ മന്ദഗതിയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു പ്രതീതി. സുരഭിലവും മനോഹരവുമായ മാധവമാസം ഫ്രാൻസിസിന്റെ മനസ്സിൽ ആനന്ദം വർഷിച്ചു.

നിഗൂഢതയുടെ ഒന്നാം തരമൊരദ്ധ്യാപകനാണ് നിശീഥിനി. പ്രകാശത്തിന്റെ ഒരു തിരശ്ശീല വിടർത്തിയിട്ട് പകൽ നിഗൂഢതയെ ആച്ഛാദനം ചെയ്യുകയാണ്. മനുഷ്യനിൽ നിന്ന് അന്യമായ ഒരു ജീവശക്തി സദാ ചുറ്റിലും ചലിക്കുന്നതായ ഒരു ബോധം ഫ്രാൻസിസിൽ ശക്തിമത്തായി വളർന്നുകൊണ്ടിരുന്നു. ആ ജീവശക്തി വൃക്ഷശിഖരങ്ങളിലേക്കും പൊത്തുകളിലേക്കും പറന്നുയർന്നു; ലക്ഷോപലക്ഷം ചെറു ജീവികളുടെ ഹൃദയത്തിൽ ചെന്നുതട്ടി; പുല്ലിൻതൈകളുടെ തലകൾ ഉയർത്തിപ്പിടിച്ചു. സമസ്ത പ്രപഞ്ചവും അതുൽക്കൊണ്ടു നിറഞ്ഞു കഴിഞ്ഞു. സ്വന്ത ശരീരത്തിലും ചിന്താനിർഭരമായ തലയ്ക്കുള്ളിലും അതേ ജീവശക്തി മിടിക്കുന്നതായി ഫ്രാൻസിസിന് അനുഭവപ്പെട്ടു. ഇതിന്റെ പ്രഭവസ്ഥാനം ഒന്നുതന്നെയാണെന്നും, തന്മൂലം, തരുലതാദികളോടും തിരക്കിട്ടുപോകുന്ന ചെറുജീവികളോടും പുല്ലിൻ ദളങ്ങളോടും താൻ ഏകീഭവിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും ആ യുവാവിനു തോന്നി. ഇവയെല്ലാമായി മേളിച്ച്, ഒന്നുചേർന്ന്, ആ നിലയിൽ അനുസ്യൂതം, അവിരാമം, തുടർന്നു ജീവിക്കുക—ആ ചിന്ത ഇടയ്ക്കിടെ ഫ്രാൻസിസിന്റെ മനസ്സിൽ മിന്നിത്തിളങ്ങുകയും, അത്യാനന്ദ പ്രദമായ ഒരു കുളുർമ പ്രദാനം ചെയ്യുകയും ചെയ്തു.

അപ്രമേയമായ അവർണ്ണനീയമായ, ഏതോ രസാനുഭൂതികൾ ആ യുവഹൃദയത്തിൽ അലുത്തു വീണുവെന്നതിൽ തർക്കമില്ല. ഏതോ അഭൗമികാനുഭൂതികളുടെ മിന്നൽപ്പിണരുകളും ഇടയ്ക്കിടെ ദൃശ്യമായിക്കൊണ്ടിരുന്നു.

ഒരു പുരുഷനോ ഒരു മൃഗമോ കാട്ടിൽ കിടന്നുറങ്ങുമ്പോൾ, അയാൾ അവിടത്തെ മരങ്ങളുടെയും തൃണജാലങ്ങളുടെയും ജീവിതവുമായി ഒന്നു ചേരുകയാണ്. തരുതൃണങ്ങൾക്കെന്നപോലെ, അയാൾക്കുമപ്പോൾ പ്രത്യേകിച്ചൊരു ബോധസത്തയില്ല; മൂകമായ ഏതോ ഒരു ജീവവാഹനം മാത്രം. സുഖസ്ഥിയുടെ ഒരു നേരിയ ബോധജ്ഞാനം അയാൾക്കുണ്ടായിരിക്കാം. തരുക്കൾക്കും തൃണങ്ങൾക്കും കൂടി അതുണ്ടായിരിക്കുമോ?

പ്രഭാതവേളയിൽ ബാലാർക്കന്റെ ആദ്യരശ്മികളോടൊപ്പം ഉണർന്നെഴുന്നേൽക്കുന്ന ഫ്രാൻസിസിനെ ഒന്നു വീക്ഷിക്കുക. കണ്ണു തിരുമ്മിത്തുറക്കുകയാണ്. യുവത്വം തുളുമ്പുന്ന ശരീരം, കേവലം അചേതനവും അബോധവസ്തുമായിരുന്ന ഗാത്രം, മനുഷ്യസഹജമായ ബോധജ്ഞാനം കൊണ്ട് തുടിക്കാൻ തുടങ്ങുന്നു; ഏതോ മേന്മയേറിയ ബോധജ്ഞാനത്തിന്റെ … കൾ കണ്ടിട്ടെന്നോ … കൾ ഉറവെടുക്കുകയായ … കുന്ന ഈ മനുഷ്യബോധത്തോട … പാടുമുള്ള സകലതുമായുണ്ടാ … കേവലം സസ്യാത്മകവുമായ ഐക്യത്തിൽ നിന്ന് ആ യുവാവിനെ പിടിച്ചുകുലുക്കി ആ ശൃംഖല പൊട്ടിച്ചു; എന്നാൽ മുമ്പറഞ്ഞ മിന്നൽപ്പിണറുകൾ വീണ്ടും ആ പൊട്ടലുകൾ കൂട്ടിയിണക്കുകയായി. അങ്ങനെ, നാം ജ്ഞാനപൂർവകമല്ലാത്ത ഐക്യത്തിന്റേതായ മൃഗീയ ബോധാവസ്ഥയിൽ നിന്ന്, ഐക്യത്തിന്റെ അഭാവമെന്നും എന്നാൽ ജ്ഞാനത്തിന്റെ പ്രാരംഭമെന്നും തോന്നുന്ന മാനുഷിക ബോധത്തിലൂടെ, വിശേഷക ബോധാവസ്ഥയിലേക്ക്— ആനന്ദപൂർവമായ ജ്ഞാനസമ്പാദനത്തിലേക്ക് — മനുഷ്യൻ ആരോഹണം ചെയ്യേണ്ടിയിരിക്കുന്നു.

ഈ ജ്ഞാനസമ്പാദനത്തിൽ നമ്മുടെ മുന്നോടി ഫ്രാൻസിസാണെന്നുവരുകിൽ, നാം അരുണോദയത്തിൽത്തന്നെ അദ്ദേഹത്തെ ദർശിക്കുക സമുചിതമായിരിക്കും.

ഒരു പ്രഭാതത്തിൽ ഫ്രാൻസിസ് ഉറക്കമുണർന്നു. സുഖപ്രദമായ എന്തോ ഒന്നു സംഭവിക്കാൻ പോകുന്നെന്ന ഒരു അവ്യക്തസ്മരണയോടുകൂടി. വി. മത്തിയാസിന്റെ പെരുന്നാൾ ദിനമാണന്ന്. ബിഷപ്പ് ഗിദ്ദോയുടെ വിചാരണക്കോടതി വിട്ടിറങ്ങീട്ട് മൂന്നു വർഷംകഴിഞ്ഞു. കഠിനാദ്ധ്വാനത്തിന്റെയും ദാരിദ്ര്യപൂർണ്ണിമയുടെയും ഉഗ്രരൂപം പൂണ്ട മൂന്നു ദീർഘവർഷങ്ങൾ. ഇതിനകം സാൻഡാമിയാനോ ദേവാലയവും സാൻപീട്രോ ചാപ്പലും പുതുക്കിപ്പണിതു. പോർട്ട്യാങ്കുലയിലെ മത്ത്മറിയം ചാപ്പലിന്റെ പുനരുദ്ധാരണ ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. ഇന്നവിടെ ആദ്യമായി വി. കുർബാന അർപ്പിക്കുന്നതിനും ഏർപ്പാടുകൾ ചെയ്തിരിക്കുന്നു.

വി. കുർബാന അണസ്സാനെത്തിയ പുരോഹിതനും ശുശ്രൂഷകനായി ഫ്രാൻസിസും മാത്രമേ പള്ളിയകത്തുള്ളൂ. പുരോഹിതൻ സ്ഥാനവസ്ത്രങ്ങളണിഞ്ഞൊരുങ്ങി, വി. കുർബാന ആരംഭിച്ചു.

അന്ന് വി. മത്തിയാസിന്റെ ദിനമായിരുന്നു. പുരോഹിതൻ പശ്ചിമ ദിക്കിന് അഭിമുഖമായി തിരിഞ്ഞുനിന്ന് അന്നത്തെ സുവിശേഷഭാഗം വായിച്ചു: “നിങ്ങൾ പോകു

...രാജ്യം സമീപിച്ചി...ഘോഷിപ്പിൻ. രോഗി...മാക്കുവിൻ; മരിച്ച വ...ർപ്പിപ്പിൻ; കുഷ്ഠരോ...ളെ ശുദ്ധമാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ; മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കു പൊക്കണവും, രണ്ട് ഉടുപ്പും, ചെരിപ്പും വടിയും കരുതരുതു. വേലക്കാരൻ തൻെറ ആഹാരത്തിനു യോഗ്യനല്ലോ."

ക്രിസ്തു നിർദ്ദേശമടങ്ങിയ ആ വേദഭാഗം കേട്ട് ധ്യാനനിരതനായി നിന്ന ആരാധകൻെറ ഉള്ളിൽ പ്രകാശമുദിച്ചു. ഇത്ര അർത്ഥസമ്പൂർണ്ണമായ രീതിയിൽ അതിനുമുമ്പൊരിക്കലും ഒന്നുംതന്നെ കേട്ടിട്ടില്ലെന്നു തോന്നിപ്പോയി. ദൈവം തന്നെ ഉദ്ദേശിച്ചു നൽകുന്ന കൽപനയാണിതു്, യാതൊരു സംശയവുമില്ല.*

ഈ വേദഭാഗത്തിലെ ഓരോ പദവും തന്നെ അഭിസംബോധന ചെയ്തു പറയുന്നതായി ആ യുവാവിനു് തോന്നി. തിരിഞ്ഞുനിന്നു യുക്തിവിചാരം ചെയ്യാത്തതും തികച്ചും അപണ്ഡിതവുമായ ഒരു മനസ്സായിരുന്നു ഫ്റാൻസിസിൻേറതു്. വിഭ്രമിപ്പിക്കുന്ന ഒരു അപ്രതിമതയും വ്യക്തിത്വവും കലർന്ന ഒരു പുതുമ—യാതൊരു ന്യൂലാമാലകളിലും കുരുങ്ങാത്ത, അനവദ്യ സുന്ദരമായ, ഒരു നവോന്മേഷം അതോടനുബന്ധിച്ചുണ്ടെന്നുള്ളതു വാസ്തവം തന്നെ. സ്വഭാവത്തിൻെറ ഓരോ വളവും ചെരിവും ആ നിർദ്ദേശത്തിൻെറ നേർക്കു തിരിഞ്ഞു, ഓച് ഛാനിച്ചു നിലകൊണ്ടു. സാൻഡാമിയാനോയിൽ കുരിശുരൂപസന്നിധിയിൽ വച്ചുണ്ടായ വിധത്തിലുള്ള ഒരു ആനന്ദത്തിൻെറ തിരയടി ഈ സന്ദർഭത്തിലും ഫ്റാൻസിസിൻെറ ഹൃദയത്തിലുണ്ടായി. വി. കുർബാന അവസാനിച്ചയുടനേ, വികാരവിവശനായ ശുശ്രൂഷകൻ അന്നത്തെ വേദഭാഗവുമായി പുരോഹിതനെ സമീപിച്ചു. അദ്ദേഹം കഴിയുംവണ്ണം മെച്ചമായി അതു വ്യാഖ്യാനിച്ചുകൊടുത്തു. ഫ്റാൻസിസ് അതു കേട്ടയുടനെ ഇപ്രകാരമട്ടഹസിച്ചു: "അതേ, അതാണെനിക്കാവശ്യം! പ്രസംഗിക്കുക, സുഖപ്പെടുത്തുക, ശുശ്രൂഷിക്കുക, ഉടുത്തിരിക്കുന്ന ഈ വസ്ത്രങ്ങളൊഴികെ മറെറാന്നും സ്വന്തമായി സൂക്ഷിക്കാതെ ജീവിക്കുക, ആഹാരത്തിനു വേണ്ട വക ദൈവം നോക്കിക്കൊള്ളുമെന്നു വിശ്വസിക്കുക—കർത്താവു ജീവിച്ചിരുന്നപ്പോൾ അപ്പോസ്തലന്മാർ ചെയ്തതുപോലെതന്നെ. എൻെറ ജീവകാലം മുഴുവൻ സർവാത്മനാ ഇതു മാത്രമാണ് അനുഷ്ഠിക്കാൻ ഞാനാഗ്രഹിക്കുന്നതു്."

അവിടെവച്ച്, അപ്പോൾ തന്നെ, ഫ്റാൻസിസ് മെതിയടികൾ കാലിൽ നിന്നു് തട്ടിക്കളഞ്ഞു അരക്കച്ചയും ദണ്ഡും ദൂരെയെറിഞ്ഞു. അവിടെയെവിടെയോ കിടന്ന ഒരു കഷണം കയറെടുത്ത് അരയിൽ കെട്ടി. (ഫ്റാൻസിസ്കൻസന്യാസികളുടെ വേഷത്തിൻെറ ഒരു ഭാഗമായിത്തീർന്നിരിക്കുന്ന വെളുത്ത ചരടിൻെറ ഉദയം പോർട്ട്യാങ്കല ചാപ്പലിൻെറ കവാടത്തിലാണ്.)

"പോകുമ്പോൾ.... ഘോഷിപ്പിൻ." ഫ്റാൻസിസ് ഇതുവരെ പ്രസംഗിച്ചിട്ടില്ല. ഇനി പ്രസംഗിക്കാതെ നിർവാഹവുമില്ല.

അങ്ങനെ ദാരിദ്ര്യ കുമാരിയുടെ യൂണിഫാറം ധരിച്ച് ആ യുവാവ് പോർട്ട്യാങ്കല ചാപ്പലിൻെറ പൂമുഖത്തു പ്രത്യക്ഷപ്പെട്ടു. തൻെറ കർത്താവും നാഥനുമായവൻെറ കല്പന പദംപ്രതി അനുസരിക്കുന്നതിനുള്ള ദൃഢനിശ്ചയത്തോടുകൂടി ആ യുവവദനം ആനന്ദസാന്ദ്രതയാൽ തുടുത്തു പ്രശോഭിച്ചു. ക്രിസ്തുഭടൻ സമരസന്നദ്ധനായി. പുരാതനദേവതകൾ ഞെട്ടി വിറച്ചു.

---

* സംശയംതോന്നുമ്പോഴെല്ലാം ബൈബിൾ തുറന്നു്, കിട്ടുന്ന ഭാഗം വായിക്കുക, അഥവാ ഒരു പള്ളിയിൽ കയറി ആരാധനയിലെ വേദഭാഗം ശ്രവിക്കുക, ഫ്റാൻസിസ് ചെറുപ്പത്തിലെ അവലംബിച്ചു പോന്ന ഒരു രീതിയായിരുന്നു. തൻെറ സംശയത്തിനോ പ്രയാസത്തിനോ പരിഹാരം ലഭിക്കുമെന്ന പ്രതീക്ഷയോടുകൂടിയാണതു ചെയ്യുന്നതു്. മിക്കവാറും അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്യുതിരുന്നു.


**THE BANK OF NEW INDIA Ltd.**

**H. O. TRIVANDRUM**

BOARD OF DIRECTORS:

Sri. K. George B. A., Trivandrum (Chairman)
" E. J. Philipose B. A. B. L. Trivandrum.
" N. O. Inasu, Trichur,
" P. C. Kurian M. A. B. L., Madras.
" C. J. John B. A. Kottayam.
" P. T. Varughese, Perumpavoor.
" P. K. Chacko, Alwaye.

K. E. CHERIAN,
General Manager.

**Punnathra Tile Works Kottayam.**

ETTUMANOOR A. O.

**പുന്നത്ര ഓട്ടു കമ്പനി**

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partriculars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

# ക്രൈസ്തവ ലോക വാർത്തകൾ

(കെ. വി. എം.)

## എല്ലാമാരകായുധങ്ങളും നിരോധിക്കണം

ആറ്റമിക്ക് ബോംബും ഹൈഡ്രജൻ ബോംബും ഉൾപ്പെടെ മനുഷ്യരാശിയെ ഒന്നടങ്കം വധിക്കുന്നതിനുള്ള എല്ലാ ആയുധങ്ങളും നിരോധിക്കണമെന്നുള്ള ഒരു പ്രമേയം അഖിലലോക സഭാകൗൺസിൽ ഔപചാരികമായി അംഗീകരിച്ചിരിക്കുന്നു. അവശതയനുഭവിക്കുന്ന ക്രൈസ്തവരിൽ ശ്രദ്ധപതിപ്പിക്കുന്നതും സഹതാപം പ്രകടിപ്പിക്കുന്നതുമായ മറ്റൊരു പ്രമേയവും കൗൺസിൽ പാസ്സാക്കി

## വിശ്വാസംപരിരക്ഷിക്കുക

വരും കാലത്തെ തലമുറകളുടെ നന്മക്കുവേണ്ടി ക്രിസ്തീയവിശ്വാസികൾ വിശ്വാസത്തിൽ ജാഗ്രതയുള്ളവരായി ക്രൈസ്തവാദർശങ്ങളെ മുറുകെപ്പിടിച്ചുകൊള്ളണമെന്നു യൂഗോസ്ളാവിയായിലെ സെർബിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസായ വിക്കൻറിജി ആഹ്വാനംചെയ്തിരിക്കുന്നു. മുൻകാലങ്ങളെക്കാൾ ഇപ്പോൾ വിശ്വാസം പരിരക്ഷിക്കുന്നതിനു കൂടുതൽ വിഷമതകൾ ഉണ്ടെന്നും, ശാസ്ത്രത്തിൻെറ പുരോഗതിയോടുകൂടി എല്ലാപ്രശ്നങ്ങൾക്കും ഉള്ള പരിഹാരം മനുഷ്യനറിയാമെന്ന വിചാരമുണ്ടെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

## സ്ത്രീകൾക്കു പട്ടം

നെതർലണ്ടിലെ റിഫോംഡ് സഭയുടെ സുന്നഹദോസ് ഈയിടെ സ്ത്രീകൾക്കു പട്ടംകൊടുക്കുന്ന സംഗതിയെപ്പറ്റി ഒരാലോചന നടത്തിയിരിക്കുന്നു. 50 അംഗങ്ങളുള്ള സിന്നഡിൽ 32 പേർ സ്ത്രീകൾക്കു പട്ടംകൊടുക്കുന്നതിനെ അനുകൂലിച്ചു.

## കുറഞ്ഞശമ്പളം

വടക്കേ അമേരിക്കയിലെ പ്രോട്ടസ്റ്റൻറു പട്ടക്കാർക്കു വളരെ കുറഞ്ഞ ശമ്പളമാണു ലഭിക്കുന്നതു്. 1940-നു ശേഷം സഭയുടെ അംഗത്വം 270 ലക്ഷമായി വർദ്ധിച്ചു എങ്കിലും പട്ടക്കാരുടെ ശമ്പളത്തിൽ യാതൊരഭിവൃദ്ധിയും ഉണ്ടായിട്ടില്ലത്രെ. പട്ടക്കാർ സാധാരണക്കാരെപ്പോലെ ജോലി ചെയ്താണ് ഇപ്പോൾ അവിടെ ഉപജീവനം കഴിക്കുന്നതെന്നും ഒരു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

## ഒരു സ്മാരക ശുശ്രൂഷ

1900 വർഷങ്ങൾക്കു മുൻപ് വി. പൗലൂസ് അപ്പോസ്തലൻ അഥേനക്കാരോട് ആദ്യംപ്രസംഗിച്ചതിൻെറ ഓർമ്മയെ കൊണ്ടാടുന്നതിനു അതൻസിലെമാഴ്സ് ഹില്ലിൽവച്ചു ഒരു'ഓപ്പൻ എയർ' സന്ധ്യാശുശ്രൂഷനടത്തി. ഒരു ലക്ഷത്തിൽപ്പരം ജനങ്ങൾ ഇതിൽസംബന്ധിച്ചു. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ തലവനായ ആർച്ചുബിഷപ്പ് സ്പിറിഡനാണു ശുശ്രൂഷ നടത്തിയതു്. ഈ ശുശ്രൂഷനടത്തിയ സ്ഥലത്തുതന്നെയാണ് സെൻറ്പോൾ നിന്നു പ്രസംഗിച്ചതെന്നു വേദശാസ്ത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

## മതവിശ്വാസമുള്ള ഇന്ത്യ കമ്മ്യൂണിസത്തിൽനിന്നു് സുരക്ഷിതം

ഇന്ത്യയിൽ കമ്മ്യൂണിസത്തെ എതിർത്തു നില്ക്കുന്ന വൻകോട്ട, ഇന്ത്യൻ ജനതയുടെ മതവിശ്വാസമാണെന്നു് മദ്ധ്യപ്രദേശത്തിലെ ദേശീയ മഹിളാകൗൺസിലിൻെറ പ്രസിഡൻറ് മിസ്സസ് രാജാമാണിക്കം ഇവാൻസ്റ്റണിൽവച്ചു അഭിപ്രായപ്പെടുകയുണ്ടായി. "കമ്മ്യൂണിസത്തിൻെറ ഏററവും വലിയ ദൗർബല്യം' അതു് ദൈവത്തിൽ വിശ്വസിക്കുന്നില്ല എന്നതത്രെ'' എന്നു് അവർ പ്രസ്താവിച്ചു.

## ആസ്ത്രിയൻ പ്രോട്ടസ്റ്റൻറു സഭ

പള്ളികൾ, പട്ടക്കാർ എന്നിവകളെ സംബന്ധിച്ചു ആസ്ത്രിയൻപ്രോട്ടസ്റ്റൻറു സഭ ദരിദ്രയാണെന്നും എന്നാൽ സ്വയപരിത്യാഗശീലരായ സഭാംഗങ്ങളെകൊണ്ടു ധന്യയാണെന്നും വിയന്നായിലെ ബിഷപ്പ് ഡി. മെ പ്രസ്താവിച്ചിരിക്കുന്നു. കത്തോലിക്കാ സഭയിൽനിന്നും അനേകർ പ്രോട്ടസ്റ്റൻറു വിശ്വാസത്തിലേക്കു വന്നു[...] ഞ്ഞ അരശതാബ്ദത്തി[...] ടെഅംഗത്വം47000-ൽനി[...] ആയി വർദ്ധിച്ചു.

## ടർക്കിയിലെ ക്രൈസ്തവർ

ഇസ്ളാമിനെ അധികാരത്തിൽനിന്നും മാററുക എന്നതു ടർക്കിയിലെ മതപരമായ നയമാകയാൽ അവിടത്തെ ക്രൈസ്തവ സംഘടനകൾക്കു സ്വാതന്ത്ര്യം വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുചെയ്യപ്പെടുന്നു. അർമ്മീനിയൻ സഭവക ഒരു വൈദികസിമ്മനാരിയുടെ ഉൽഘാടന സമ്മേളനത്തിൽ ഗവൺമെൻറു പ്രതിനിധികൾ സംബന്ധിച്ചിരുന്നു. ഫണ്ടില്ലാതെ ഒന്നാംലോകമഹായുദ്ധം മുതൽ ഇസ്തംബൂളിൽ പണിതീരാതെ കിടന്ന ഒരു അർമ്മീനിയൻ പ്രോട്ടസ്റ്റൻറു പള്ളി പണിയുന്നതിനുള്ള അനുവാദവും ഗവൺമെൻറു നൽകിയിരിക്കുന്നു.

## റഷ്യൻ ഓർത്തഡോക്സ്സഭ

റഷ്യൻ ഓർത്തഡോക്സ്സഭ അഖിലലോക സഭാകൗൺസിലുമായി സഹകരിക്കുന്ന പ്രശ്നത്തെപ്പററി അടുത്തകാലത്തു് മോസ്കോസന്ദർശിച്ച ജർമ്മൻ ഇവാൻജലിക്കൽ സഭയുടെ സുന്നഹദോസ് പ്രസിഡണ്ടു് ഡോ. ഗസ്റ്റാവ് ഹെയ്മാൻ റഷ്യൻ ഉദ്യോഗസ്ഥന്മാരുമായി ചർച്ചചെയ്തു എന്നു ജർമ്മനിയിൽ തിരിച്ചെത്തിയശേഷം അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഈ സംഗതിയിൽ സോവ്യററുദ്യോഗസ്ഥന്മാർ വലിയ താല്പര്യം പ്രദർശിപ്പിച്ചു എന്നും എന്നാൽ അതുസാധിതപ്രായമാകുന്നതിനു വളരെവിഷമങ്ങൾഉണ്ടെന്നും ഡോ. ഹെയ്മാൻ തുടർന്നു പ്രസ്താവിച്ചു. "സോവ്യററു റഷ്യയിൽ മതം ഒരു വ്യക്തിപരമായ കാര്യം മാത്രമാണു്. അവിടെ മതപ്രചരണ സ്വാതന്ത്ര്യമില്ല. ഗവൺമെൻറിനെ വിമർശിക്കുന്ന വ്യക്തികളു മേലാൽ വിമർശിക്കുന്നതിനിടവരുകയില്ല'' എന്നിപ്രകാരമാണു് ഓഗസ്റ്റ് 30—ാംതീയതി തിങ്കളാഴ്ച കോട്ടയം വൈ. എം. സി. എ. യിൽവച്ചു ആർ. എസ്. പി. നേതാവ് മി. എൻ. ശ്രീകണ്ഠൻനായർ എം. പി. തുറന്നു പ്രസ്താവിച്ചതു്. മനുഷ്യൻെറ ജന്മസിദ്ധമായ സ്വാതന്ത്ര്യത്തെ മനുഷ്യൻ തന്നെ ചങ്ങലയിട്ടു ബന്ധിക്കുന്നതായിട്ടാണു ലോകത്തിൽ കാണുന്നതു്.

...ഭാഗം

| | ...സെപ്റ്റംബർ | ചിങ്ങം |
|---|---|---|
| [illegible] | 5 | 20 |
| ...ങ്കൾ | 6 | 21 |
| ചൊവ്വാ | 7 | 22 |
| ബുധൻ | 8 | 23 |
| വ്യാഴം | 9 | 24 |
| വെള്ളി | 10 | 25 |
| ശനി | 11 | 26 |

**Thought for the Week**

We are too fond of our own will. We want to be doing what we fancy mighty things, but the great point is to do small things when called to do them in a right spirit.
R. Cecil.

THE CHURCH WEEKLY

## പീസ്ലീഗും സത്യഗ്രഹവും.

മലങ്കരസുറിയാനിസഭയിലെ സ
മാധാനാലോചനകൾ ഒരു ദുർഘടസ
ന്ധിയിലെത്തിയിരിക്കയാണ്. പാത്രി
യർക്കീസു പക്ഷത്തു നിന്നും, കാതോലി
ക്കാ പക്ഷത്തു നിന്നും നൽകിയിരിക്കു
ന്ന സന്ധിവ്യവസ്ഥകൾ ഈ ആഴ്ചത്തെ
ഇംഗ്ലീഷ് ലേഖനത്തിന്റെ സ്ഥാനത്തു
പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ടു
വ്യവസ്ഥകളും തമ്മിൽ ദുർന്നിവാര്യ
ങ്ങളായ വ്യത്യാസങ്ങൾ ഇല്ലെന്നുള്ളതി
നെ പരിഗണിച്ചാണ് ഇതുസംബന്ധി
ച്ചു ഒരു സമ്മേളനം വിളിച്ചു കൂട്ടുവാൻ
പീസ്ലീഗു തീരുമാനിച്ചതു്. പീസ്
ലീഗ് ഇങ്ങനെ ഒരു സാഹസത്തിനു്
ഒരുമ്പെട്ടതിനെപ്പററി തന്നെ ചിലകേ
ന്ദ്രങ്ങളിൽ അഭിപ്രായഭിന്നതയുള്ളതാ
യി കേട്ടു. കേവലം ചെറുപ്പക്കാരായ
ചിലർ പീസുലീഗ് എന്നപേരിൽ ഒരു
സംഘടനയുണ്ടാക്കി സത്യഗ്രഹഭീഷ
ണിയുമായി ഇറങ്ങിത്തിരിച്ചതു് ഇപ്പോ
ഴത്തെ വകതിരിവില്ലാത്ത ചില യുവ
പ്രസ്ഥാനക്കാരുടെ അവിവേകമാണെന്നു
ചിലർ വിചാരിച്ചേക്കാം. കോളജുക
ളിൽ വിദ്യാർത്ഥി ഫെഡറേഷനെന്നും
രാഷ്ട്രീയരംഗത്തു ഐ. മു വെന്നും,
തൊഴിലാളികളുടെ ഇടയിൽ ജനകീയ
യൂണിയൻകളെന്നും മററും പറഞ്ഞു
പ്രത്യക്ഷപ്പെടുന്നതുപോലെ വിധ്വം
സകമായ ഉദ്ദേശങ്ങളും പരിപാടിക
ളുമുള്ള ഒരു പാർട്ടിയായിട്ടാണ് സമു
ദായരംഗത്തു പീസ്ലീഗിനെപ്പററി
ചിലർ വീക്ഷിക്കുന്നതെന്നു കേൾക്കാ
നിടയായി. ചിങ്ങവനം വട്ടമേശ സ
മ്മേളനതീരുമാനങ്ങൾക്കു ശേഷം അവ
സ്ഥലഭിച്ച നിർഭാഗ്യകരങ്ങളായ അധി
കൃത തീരുമാനങ്ങൾ മൂലം ഇതികർത്ത
വ്യതാമൂഢരായിത്തീർന്ന പീസ്ലീഗു
വീണ്ടും അനങ്ങിത്തുടങ്ങിയതു് സു
പ്രീംകോടതി വിധിക്കുശേഷമാണ്.
സഭയിൽ സമാധാനമുണ്ടാകണമെന്നു
ള്ള ശക്തിയായ ആഗ്രഹം കൊണ്ടു്
അവർ ചിലതൊക്കെ ചെയ്യാൻ ശ്ര
മിക്കയാണ്. അതു് സാഹസികമായ
ചെറിയസംരംഭങ്ങളായി മാത്രം തോ
ന്നിയേക്കാം. ലോകൈക സൈനിക
മഹാശക്തിയായ ബ്രിട്ടീഷ്ഗവർമെ
ൻറിന്റെ ആധിപത്യത്തിൽ നിന്നു്
സ്വജനങ്ങളെ സ്വതന്ത്രരാക്കാൻ ഒരു
അർദ്ധനഗ്നനായ വൃദ്ധൻ വടിയുമായി
ഉപ്പു സത്യഗ്രഹത്തിനു് ഇറങ്ങിത്തിരി
ച്ചപ്പോൾ പലരും ചിരിച്ചു. അധിക്ഷേ
പിച്ചു. ഭ്രാന്തനാണ് ഇയാളെന്നു് പല
രും വിമർശിച്ചു. വ്യവസ്ഥാപിതങ്ങ
ളായ നിയമസംഹിതകളെ അനുസരി
ക്കുകയും ആദരിക്കയും ചെയ്യുകയാണ്
പൗരധർമ്മമെന്നും അതു കൊണ്ടു്
നിയമലംഘനങ്ങൾക്കു പരിശീലനം
നൽകുന്ന പരിപാടികൾക്കു് ജനങ്ങ
ളെ പ്രേരിപ്പിക്കുന്നതു് അപകടകര
മാണെന്നും മിതവാദി നേതാവായ റൈ
ററ്ഓണറബിൾ. മി. എസ്. ശ്രീനി
വാസശാസ്ത്രി പ്രസംഗിച്ചു. പക്ഷെ
അദ്ദേഹം ഇംഗ്ലണ്ടിൽ ഒരു പ്രസംഗം
ചെയ്തപ്പോൾ "ഗാന്ധിജിയുടെ സമര
നയങ്ങളോടു ഞാൻ വിയോജിക്കുന്നു.
എന്നാൽ നിരായുധരായ ഒരു ജനത
യുടെ സ്വാതന്ത്ര്യാഭി നിവേശസംപ്രാ
പ്തിക്കുവേണ്ടിഅദ്ദേഹം അഴിച്ചുവിട്ടമാ
തിരി ചില വിപ്ളവ പരിപാടികൾ
എന്തെങ്കിലും ചെയ്യേണ്ടതാവശ്യമായിരു
ന്നുയെന്നും ഞാനോർക്കാതിരിക്കുന്നില്ല.
എന്നുപറഞ്ഞു.നാല്പതു കൊല്ലംഇസ്രായേ
ൽമക്കളെ പാലും തേനുമൊഴുകുന്ന ക
നാൻ ദേശത്തേക്കു കൂട്ടിക്കൊണ്ടു പോ
യ മോശ കനാൻ ദേശത്തു്എത്തുന്നതി
നു് മുമ്പുഅന്തരിച്ചു പോയി. എന്നാൽ നാ
ല്പതുകൊല്ലം ഇന്ത്യൻ സ്വാതന്ത്ര്യസമരം
നയിച്ചത്യാഗിവീരൻ കനാൻദേശത്തു്
എത്തുകതന്നെ ചെയ്തു. തന്റെ അനു
യായികളെ പ്രധാനമന്ത്രിയായും, പ്രസി
ഡണ്ടായും മന്ത്രിമാരായും കണ്ടു ആനന്ദി
ച്ചശേഷമാണ് ഒരു മതഭ്രാന്തന്റെ വെ
ടിയേററു അദ്ദേഹം നിലംപതിക്കു
വാൻ ഇടയായതു്. അതുകൊണ്ടു്പീ
സ്ലീഗ് ഒരു യുവസംഘടനയായതു
കൊണ്ടോ, സമുദായത്തിൽ സ്വാധീന
വും സ്ഥാനവുമില്ലാത്തവർ അതിന്റെ
അംഗങ്ങളായതുകൊണ്ടോഅതിനു് സൽ
കാര്യങ്ങൾ ചെയ്യുവാൻ അപ്രാപ്യമായി
ഭവിക്കണമെന്നില്ല. ആത്മാർത്ഥതയും
ദൈവാശ്രയവും കൈവിടാതെ ദൈവ
നടത്തിപ്പിൽ പരിപൂർണ്ണമായി സ്വയം
വിധേയമാകാൻ അതിലെ അംഗങ്ങൾ
തയാറായാൽ ഇന്നു പരിഹാസ്യമായി
തോന്നുന്ന അതിന്റെ നിലമാറിക്കൂടെ
ന്നില്ല. പക്ഷേ! അതൊരുവലിയ "പ
ക്ഷെ!" ആണ്. അവരുടെ നയങ്ങ
ളും പരിപാടികളും പരിപൂർണ്ണമായ
സത്യത്തിനും സ്നേഹത്തിനും വിനയ
ത്തിനും വിധേയമാക്കാൻ തയാറില്ലാ
ത്ത വിധത്തിൽ കാര്യങ്ങൾ നിർവഹി
ക്കപ്പെടാൻ അനുവദിച്ചാൽ ചിങ്ങവ
നം സമ്മേളനത്തിൽ കൂട്ടതലായ ഫല
ങ്ങൾ വന്നുചേർന്നില്ലെന്ന് വരാം. നേ
രെ മറിച്ചാണെങ്കിൽ ഇന്നല്ലെങ്കിൽ നാ
ളെ അതിനു ഫലംതരാൻ ആഗ്രഹിക്കുക
യും കഴിയുകയും ചെയ്യുന്ന ദൈവത്തെ
യാണ് അവർ നമിക്കുന്നതെന്നും അനു
സരിക്കുന്നതെന്നും പ്രകൃക്ഷമാകുന്നതാ
ണ്. കഴിഞ്ഞ ഞായറാഴ്ച നടന്ന
സമ്മേളനം വിജയപ്രദമായില്ല. അ
തിൽ ഭഗ്നാശയരാകേണ്ട കാര്യം പീ
സ ലീഗിനില്ല. എന്നാൽ ഇരുകക്ഷി
യും തമ്മിലുള്ള അഭിപ്രായപ്പിളർപ്പി
ന്റെ മർമ്മസ്ഥാനങ്ങൾ ഗ്രഹിക്കുവാൻ
അവർക്കുകഴിഞ്ഞു. ആ അനുഭവത്തിൽ
അവർക്കു പലതും ചെയ്യുവാൻ കഴി
ഞ്ഞേക്കാം. ഈ സമുദായത്തിലുളളവ
രെല്ലാം അനൗപചാരികമായി പീസ്
ലീഗംഗങ്ങളാണെന്നുള്ളതിനു സംശയ
മില്ല. സമാധാനം വന്നുചേരുന്നതിനു
ആഗ്രഹിച്ചും, പ്രാർത്ഥിച്ചും നെടുവീർ
പ്പിട്ടും കഴിയുന്ന പുരുഷന്മാരെയും സ്ത്രീ
കളേയും കാണാൻ ഇടവകതോറും സ
ഞ്ചരിച്ചാൽ പ്രയാസമുള്ളതല്ല. അഞ്ചോ
ആറോ ലക്ഷം ആളുകളുടെ നിശ്ശബ്ദ
മായ ആശീർവാദങ്ങൾ അവരെ അനു
ഗമിക്കുന്നുണ്ടു്. പ്രതികൂലവിമർശനങ്ങ
ളിൽ കാര്യമായതിനെ ശ്രദ്ധിക്കുവാനു
ളള വിനയത്തോടുകൂടി അവരുടെ
കാൽവയ്പുകൾ നിർവഹിച്ചാൽഇന്നു്
അന്ധകാര നിബിഡമെന്നു തോന്നുന്ന
മാർഗ്ഗം തെളിഞ്ഞുവരും. ആ സംഘ
ടനയിൽ എത്ര പേരുണ്ടെന്നോ, എങ്ങ
നെ അവരുടെ തീരുമാനങ്ങൾ പ്രായോ
ഗികമാകുന്നുവെന്നോ ഞങ്ങൾക്കു നേരി
ട്ടറിഞ്ഞുകൂടാ. ഉപവാസസത്യഗ്രഹ
ത്തിനു് അറുപതു പേർ പേരുകൊടു
ത്തിരിക്കുന്നതായി അറിയാനിടയായി.
വെറും ഒരു വിനോദത്തിനോ പ്രകട
നത്തിനോ അവർ അതിനു് തയാറായ
തായി ഞങ്ങൾ വിചാരിക്കുന്നില്ല. സ
മുദായസമാധാനത്തിനുള്ള തീവ്രമായ
അഭിലാഷങ്ങളുമൽ ആയിരിക്കണം അ

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# എന്തുകൊണ്ടു ഞങ്ങൾക്കു കഴിഞ്ഞില്ല?

എം. ററി.

"പിന്നെ ശിഷ്യന്മാർ സ്വകാര്യമായി യേശുവിന്റെ അടുക്കൽ വന്നു: ഞങ്ങൾക്കു അതിനെ പുറത്താക്കിക്കൂടാഞ്ഞതു എന്തു് എന്നു് ചോദിച്ചു. അവൻ അവരോടു്: നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രേ . . . . എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു."

(വി. മത്തായി 17: 19—21)

ശിഷ്യന്മാർ പലപ്പോഴും ഭൂതങ്ങളെ പുറത്താക്കിയിട്ടുണ്ടു്: എന്നാൽ ഈ അവസരത്തിൽ അവരുടെ ശ്രമം വിഫലമായി. അതിന്റെ കാരണമെന്താണെന്നു് അവർ കർത്താവിനോടു ചോദിച്ചു. "നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രെ" എന്നായിരുന്നു മറുപടി. ശിഷ്യന്മാർ ചോദിച്ച ചോദ്യവും അതിനു ലഭിച്ച മറുപടിയും നമ്മുടെ ജീവിതത്തെ പൊതുവെ ബാധിക്കുന്ന ഒന്നാണു്. നമ്മുടെ ജീവിതത്തിൽ സാധ്യമാകേണ്ടതും എന്നാൽ അസാധ്യമായിരിക്കുന്നതുമായ പലകാര്യങ്ങളുടെയും കാരണം ദൈവത്തിലുള്ള നമ്മുടെ വിശ്വാസക്കുറവു മാത്രമാണു്.

ദൈവവുമായുള്ള സംസർഗ്ഗം നിർവ്വിഘ്നമായി പാലിക്കണമെന്നു നാം നിശ്ചയിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ അങ്ങനെ ചെയ്വാൻ നമുക്കു സാധിക്കുന്നില്ല. ചെറുതും വലുതുമായ അനേക പ്രയാസങ്ങൾ നമുക്കു മാർഗ്ഗതടസ്സമുണ്ടാക്കുന്നു. പലപ്പോഴും നാം പരാജയം സമ്മതിച്ചു പുറകോട്ടു പോകുന്നു. ഇതിനെല്ലാം കാരണമെന്താണെന്നു ചോദിച്ചാൽ അതിനുള്ള ഉത്തരം നമ്മുടെ കർത്താവു നൽകിയതുതന്നെയാണു്: നമ്മുടെ വിശ്വാസക്കുറവു്.

അല്പമൊന്നാലോചിച്ചു നോക്കിയാൽ ഈ ഉത്തരവും അത്ര തൃപ്തികരമല്ലെന്നു തോന്നിപ്പോകും. എന്തുകൊണ്ടാണു് നമ്മുടെ വിശ്വാസം ഇത്ര ബലഹീനമായിരിക്കുന്നതു് എന്നുള്ള ചോദ്യം നമ്മുടെ മനസ്സിൽ ഉദിക്കാതിരിക്കയില്ല. നാം വിശ്വസിക്കുന്ന പക്ഷം ദൈവത്തിന്റെ അതിരററ ശക്തി നമ്മിൽ പ്രവർത്തിക്കുന്നതുമൂലം ഏതു തടസ്സങ്ങളെയും തട്ടിമാററുന്നതിനു നാം പ്രാപ്തരായിത്തീരുമെന്നുള്ളതു തീർച്ചയാണു്. എന്നാൽ എന്തുകൊണ്ടു നമുക്കു വിശ്വസിക്കാൻ കഴിയുന്നില്ല എന്നുള്ളതാണു് പ്രശ്നം.

ദൈവത്തിലുള്ള ദൃഢമായ വിശ്വാസം നമുക്കുണ്ടാകണമെങ്കിൽ പ്രാർത്ഥനമുഖാന്തിരം നാം ദൈവസംസർഗ്ഗം നിലനിർത്തുന്നവരായിത്തീരണം. അല്ലാതെ അത്യാവശ്യമുള്ളപ്പോൾ മാത്രം വിശ്വാസത്തെ വിളിച്ചുവരുത്തുവാൻ നമുക്കു കഴിയുന്നില്ല. ദൈവത്തോടടുത്തു ജീവിക്കുന്നതിൽ നിന്നുൽഭവിക്കുന്ന ഒരു ഫലമാണു് സജീവമായ വിശ്വാസം. അതിനു [illegible] പവാസവും ആവശ്യ[illegible] ആ[illegible]മായ അർത്ഥം അടേ[illegible] പവാസം ആത്മനിയന്ത്രണ[illegible] റവും ഉത്തമമായ ഒരു ഉ[illegible]ണു. ചില പ്രത്യേക പ്രയാസങ്ങളോടും പരീക്ഷകളോടും പോരാടുവാൻ ഉപവാസം സാധ്യമാക്കുന്ന തരത്തിലുള്ള ഏകാഗ്രതയും ആന്തരീയമായ ശക്തി സംഭരണവും അത്യന്താപേക്ഷിതമാണു്. സ്വയത്യാഗത്തിലുള്ള സന്നദ്ധതയില്ലാതെ ശരിയായ ഉപവാസം സാധ്യമല്ല. "ജഡമോഹം, കൺമോഹം, ജീവിതത്തിന്റെ പ്രതാപം" മുതലായി കേവലം ജഡമയമായ സന്തോഷങ്ങളെ ബലികഴിക്കുകയാണു് ഉപവാസംമൂലം സാധ്യമാകേണ്ടതു്. അങ്ങനെയുള്ള ഉപവാസവും പ്രാർത്ഥനയും സംയോജിച്ചാൽ ആത്മീയമായ പോരാട്ടത്തിൽ നാം വിജയം വരിക്കാതിരിക്കയില്ല. സ്വർഗ്ഗീയമായ സമ്പാദ്യങ്ങളെ നേടുവാൻ ലോകത്തിന്റെ പല സമ്പാദ്യങ്ങളെയും നാം ഉപേക്ഷിക്കേണ്ടതായി വരും. അതിനുള്ള സന്നദ്ധതയില്ലാതെ നമ്മുടെ വിശ്വാസം പരിരക്ഷിക്കുവാനോ പരിപോഷിപ്പിക്കുവാനോ കഴിയുന്നതല്ല.

മനുഷ്യഹൃദയത്തെ തൃപ്തിപ്പെടുത്തുവാൻ ദൈവത്തിനല്ലാതെ കഴിയുന്നതല്ല. അതുപോലെതന്നെ മനുഷ്യജീവിതത്തിൽ നിന്നു "ഭൂതങ്ങളെ പുറത്താക്കുവാൻ"—സകലതിന്മയേയും ജയിക്കുവാൻ—ദൈവത്തിന്റെ പ്രവർത്തനത്തിനു വിശ്വാസംമൂലം പൂർണ്ണമായി വിധേയമായിത്തീർന്നിട്ടുള്ള ആത്മാവിനു മാത്രമേ സാധിക്കയുള്ളൂ.

നമ്മുടെ വിശ്വാസത്തെ വളർത്തുവാൻ ദൈവത്തിന്റെ വാഗ്ദാനങ്ങളെ നാം സദാ അനുസ്മരിക്കുകയും അവയനുസരിച്ചു നമ്മുടെ അനുദിനജീവിതത്തെ നാം നയിക്കുകയും ചെയ്യണം. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ഒന്നും തന്നെ നിസ്സാരമോ നിഷ്ഫലമോ അല്ല എന്നു നാം ധരിക്കണം. അവ നിഷ്ഫലമാകുന്നെങ്കിൽ അതിനുള്ള കാരണം നാം അവയെ ഗണ്യമാക്കുന്നില്ലെന്നുള്ളതു മാത്രമാണു്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറവേറുവാനുള്ള ശക്തിയും മനസ്സും ദൈവത്തിനുണ്ടു്. എന്നാൽ അവ നമ്മിൽ നിറവേറണമെങ്കിൽ നമ്മുടെ വിശ്വാസവും സഹകരണവും ആവശ്യമാണു്. ദൈവത്തെക്കൂടാതെ നമുക്കുതന്നെ യാതൊന്നും സാധ്യമല്ല എന്നുള്ള ഒരു ബലഹീനതാബോധം ദൈവത്തിലുള്ള ദൃഢവിശ്വാസത്തിന്റെ ഒരു ഭാഗമാണു്. ശിഷ്യന്മാരുടെ പരാജയത്തിന്റെ ഒരു കാ-

---

തിനവരെ പ്രേരിപ്പിച്ചതു്. അവരുടെ മനോഭാവത്തെ മാനിക്കുന്നതോടൊപ്പം, അവരുടെ ഉത്തരവാദിത്വങ്ങളിലേക്കു അവരുടെ ശ്രദ്ധയെക്ഷണിക്കുകയും, അചഞ്ചലമായ ദൈവാശ്രയത്തിൽ അവരുടെ ഓരോ ചുവടും വയ്ക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. കേവലം പ്രകടനങ്ങൾകൊണ്ടു സാധിക്കാവുന്ന ഒരു കാര്യമല്ല സമാധാനമെന്നു് അവർ ധരിക്കുമെന്നു വിശ്വസിക്കുന്നു. പ്രകടനങ്ങൾക്കു ആവശ്യമായതിൽ കൂടുതൽ ത്യാഗവും, ശക്തിയും, ധൈര്യവും, ദീർഘക്ഷമയും പ്രതിപക്ഷ സഹിഷ്ണുതയുംവേണ്ടതായ ഒരുസംരംഭമാണതു്. അതും ഉടമസ്ഥനില്ലാതെ കറങ്ങിത്തിരിയേണ്ട ഒരു ധർമ്മസങ്കടത്തിൽനിന്നു് "സഭാസമാധാന"ത്തെ സംരക്ഷിക്കുവാനുള്ള ഒരു ബാദ്ധ്യതയെങ്കിലും പീസ്‌ലീഗിനുണ്ടെന്നുവന്നാൽ അതൊരു വലിയ കാര്യമാണു്. സമാധാനം വന്നെങ്കിൽ വരട്ടെ വന്നില്ലെങ്കിൽ വേണ്ട എന്നൊരു മനോഭാവത്തിൽനിന്നു ഉയർന്ന ഒരു അഭിവാഞ്ഛ അതിൽ പ്രകടമാക്കാൻ പീസ് ലീഗ് എങ്കിലും അവശേഷിച്ചിരിക്കുന്നതു് വലിയകാര്യമാണു്. എന്നാൽ അതിന്റെ സംഘടനാബലവും ഉത്തരവാദിത്വനിലയും വർദ്ധിപ്പിക്കേണ്ട ഒരു ബാദ്ധ്യതയും അവരെ അഭിമുഖീകരിക്കുന്നുണ്ടു്. സത്യാഗ്രഹസംരംഭങ്ങളിൽ പ്രവേശിക്കുന്നതിനെപ്പററി പര്യാലോചിക്കുന്നതിനുമുമ്പ് ക്ഷമാപൂർവം ചെയ്യാവുന്നഏതെങ്കിലും കാര്യങ്ങൾ ചെയ്യാനുണ്ടോയെന്ന കാര്യത്തിൽ സഭാനേതാക്കന്മാരുടേയും, അഭിവന്ദ്യ തിരുമേനിമാരുടെയും ഉപദേശം അവർ ആരായേണ്ടതാണെന്നു തോന്നുന്നു.

# ...ഷയരോഗചികിത്സ ഇന്ന്

ആർതർ സി. മില്ലർ എം. ഡി.

ക്ഷയം അവശ്യമല്ലാത്ത ഒരു രോഗമാണ്. ഇതു പിടിപെടാതെ തടുക്കാവുന്നതാണ്. ഇതു പരിപൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാവുന്ന ദീനമാകുന്നു. ക്ഷയം എവിടെ വെച്ചും ഏതു സമയത്തും ബാധിക്കാം. വയസ്സ്, വർഗ്ഗം, വർണ്ണം, സാമ്പത്തികനില മുതലായ ഭേദങ്ങൾ രോഗാണുക്കൾ വകവെയ്ക്കുന്നില്ല.

"ക്ഷയരോഗത്തിൽ നിന്നും സൗഖ്യം നൽകുന്ന എന്തെങ്കിലും മരുന്നു കണ്ടുപിടിച്ചിട്ടുണ്ടോ? എന്ന ചോദ്യം രോഗികൾ ഡോക്ടറന്മാരോടും ഡോക്ടർമാർ സ്വയമായും, പരസ്പരവും നിത്യം ചോദിക്കുന്ന ഒന്നാണ്. ഇതിന്റെ ശരിയായ ഉത്തരമറിവാൻ പരസ്യതമാളുകൾ വാഞ്ഛയോടിരിക്കുന്നുണ്ട്. ജർമ്മൻകാരനായ റോബർട്ട കോച്ച് എന്ന മഹാൻ 70 സംവത്സരങ്ങൾക്കു മുമ്പാണു ക്ഷയരോഗാണുക്കളെ കണ്ടുപിടിച്ചതു്. അന്നു തുടങ്ങി ട്യൂബർക്കിൾ ബാസ്സിലസ്സ് (tubercle bacillus) എന്നറിയപ്പെടുന്ന ഈ അണുക്കൾ വൈദ്യവേട്ടക്കാർക്കെന്നും ശരവ്യമായിരുന്നിട്ടുണ്ട്.

ഒരു ബന്ധുവിനോ, സ്നേഹിതനോ, ക്ഷയരോഗം പിടിപെട്ടെന്ന് കേൾക്കുന്ന മാത്രയിൽ ഉണ്ടായിട്ടുള്ള ഭയവും, വേവലാതിയും അധികം പേർക്കും ഇന്നും ഓർമ്മയുള്ളതാണല്ലോ. ക്ഷയം ഒരു കടുത്ത രോഗമാണ്; ചികിത്സിക്കാതെ ഉപേക്ഷ വിചാരിച്ചാൽ പണ്ടത്തേപ്പോലെ മരണകരമായ ഒരു ദീനമാണിതിന്നും.

ക്ഷയരോഗചികിത്സയിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ? തീർച്ചയായും ഉണ്ട്. വിപ്ലവാത്മകമായ പരിവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇവ അധികവും ഈ കഴിഞ്ഞ ചില വർഷങ്ങളിലാണു സംഭവിച്ചതും.

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാന ഘട്ടത്തിൽ അണുക്കൾ മൂലം പിടിപെടുന്ന സാധാരണ രോഗങ്ങൾ അധികവും പുതിയ മരുന്നുകൾ കൊണ്ട് നിരോധിക്കാമെന്ന് ഇദംപ്രഥമമായി വെളിവായി. ഇതിൽ ചേരാത്ത ഒരു പ്രധാന ദീനമാണ് ക്ഷയം. പെനിസിലിൻ (Penicillin) ഔഷധം കണ്ടുപിടിച്ച് അധികം കഴിയുന്നതിനു മുമ്പു സ്റ്റ്റിപ്റ്റോമയിസിൻ (Streptomycin) എന്ന മറ്റൊരു പുതിയ മരുന്ന് ഉപയോഗത്തിൽ വന്നു. ക്ഷയരോഗാണുക്കൾക്ക് എതിരായി പ്രവർത്തിക്കത്തക്ക ശക്തി സ്റ്റ്റിപ്റ്റോമയിസിനുണ്ടെന്ന് ഇപ്പോൾ സ്പഷ്ടമായി തെളിഞ്ഞിട്ടുണ്ട്. എന്നാൽ അല്പകാലത്തെ ഉപയോഗശേഷം നിരാശാജനകമായ ചില ഫലങ്ങൾ ഡോക്ടർമാർ ദർശിക്കുകയുണ്ടായി. രോഗി ഈ പുതിയ മരുന്ന് അല്പദിവസങ്ങളോ ആഴ്ചകളോ ഉപയോഗിച്ച ശേഷം അതിനെ ചെറുത്തു നിൽക്കാനുള്ള ശക്തി ക്ഷയരോഗാണുക്കൾക്കുണ്ടായി തുടങ്ങി. ഇങ്ങനെ ഏതാണ്ട് സുഖമാവുന്നതിനു മുമ്പേ മരുന്നിന്റെ ഫലം നഷ്ടപ്പെട്ടു.

ക്ഷയരോഗചികിത്സയിൽ പാസ്സ് (PAS) എന്നറിയപ്പെടുന്ന മറ്റൊരു പുതിയ മരുന്ന് 1947—ൽ പുറത്തുവന്നു. ഇതിനു രണ്ടു ഗുണങ്ങളാണുള്ളത്. ഒന്നാമതായി ഇതു് സ്റ്റ്റിപ്റ്റോമയിസിൻ ഔഷധത്തോടു ചേർത്തു കൊടുക്കുമ്പോൾ, ക്ഷയരോഗാണുക്കൾ സ്റ്റ്റിപ്റ്റോമയിസിൻ ഔഷധത്തെ ചെറുക്കുന്നതിനുള്ള ശക്തി പ്രാപിക്കാതെ തടുക്കാൻ ഇതു സഹായിക്കുന്നു. ക്ഷയരോഗാണുക്കളെ നേരിട്ടും ഇതാക്രമിക്കുന്നു. സ്റ്റ്റിപ്റ്റോമയിസിനും, പാസ്സും ചേർത്തുള്ള പ്രയോഗം നൂറുകണക്കിനു ആളുകളുടെ ജീവൻ രക്ഷിച്ചിട്ടുണ്ട്.

1952 വസന്തമായപ്പോഴേക്കു വേറൊരു പുതിയ മരുന്നു കണ്ടുപിടിക്കപ്പെട്ടു. ഈ മരുന്നു തുലോം കുറവായിരുന്നതിനാൽ ഉപയോഗം വളരെ കുറവായിരുന്നു. ഈ ഔഷധം ബി. ജീവകം (vitamin B) ത്തോടു അടുത്ത ബന്ധമുള്ളതാണ് ഇതിന്റെ ഇംഗ്ലീഷ് നാമത്തിന്റെ ചുരുങ്ങിയ രൂപം (INAH) എന്നാണ്. ഈ മരുന്നിന്റെ കണ്ടുപിടിത്തത്തെപ്പറ്റിയുള്ള വാർത്ത പുറത്തായതോടുകൂടി, ക്ഷയം ആക്രമിച്ചടക്കത്തക്ക ഒരു മരുന്നാണിതെന്ന ഒരു ധാരണ എങ്ങും ഉണ്ടായി. എന്നാൽ INAHന്റെ തുടരെയുള്ള പ്രയോഗം മുൻ ധാരണ മാറുകയും തൽസ്ഥാനത്തു ഇതു് ക്ഷയരോഗചികിത്സയിൽ പ്രയോജനകരമായ മറ്റൊരൗഷധം മാത്രമാണെന്നു തെളിയുകയും ചെയ്തു. പ്രസ്തുത പുതിയ മരുന്നുകളുടെ ചേരുവകളെയും രോഗിക്കു കൊടുക്കേണ്ട മാത്രകളെയും സംബന്ധിച്ച് അമേരിക്കൈക്യനാടുകളിലെ പബ്ലിക്ക് ഹെൽത്ത സർവീസ് പല പഠനങ്ങളും പരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്.

ഈ പുതിയ മരുന്നുകൾ അത്ഭുതകരമായ വിധത്തിൽ ഫലകാരണമാണെങ്കിലും അവ വിശ്രമം, നല്ല ആഹാരം, ശുദ്ധവായു, ആരോഗ്യകരമായ വാസസ്ഥലം എന്നിവയോടു ചേർന്ന് സഹായികൾ മാത്രമേയാകുന്നുള്ളു. ഇവയെല്ലാം പുറമേ ചിലപ്പോൾ ചില ശസ്ത്രക്രിയകളും വേണ്ടിവരുന്നതാണ്.

ഈ അടുത്തകാലം വരെ, ക്ഷയരോഗത്തിനു ചെയ്തുവന്ന എല്ലാ ശസ്ത്രക്രിയകളും രോഗം ബാധിച്ച ശ്വാസകോശഭാഗത്തിന് പരിപൂർണ്ണ വിശ്രമം നൽകത്തക്ക വിധം പ്രവർത്തിഹീനമാക്കുന്ന (collapse measures) വിധത്തിലുള്ളതായിരുന്നു, രോഗാവസ്ഥയനുസരിച്ചു കുറച്ചു കാലത്തേയ്ക്കോ, സ്ഥിരമായോ ശ്വാസകോശം ഭാഗികമായി പ്രവർത്തിഹീനമാക്കിവന്നു. എന്നാൽ ഈ അടുത്തകാലത്തു്, ആധുനിക ചികിത്സയുടെ ഫലമായി പല രോഗികളിലും ശ്വാസകോശത്തിൽ രോഗം ബാധിച്ച ഭാഗത്തിനു ഗണ്യമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. തന്മൂലം ശ്വാസകോശം പ്രവർത്തിഹീനമാക്കുന്ന Collapse measures വിധത്തിലുള്ളതായിരുന്നു. രോഗാവസ്ഥയനുസരിച്ചു കുറച്ചുകാലത്തേക്കോ, സ്ഥിരമായോ ശ്വാസകോശം ഭാഗികമായി പ്രവർത്തിഹീന

---

ണം ഈ ബലഹീനതാബോധത്തിന്റെ കുറവായിരുന്നു. മുമ്പു സാധിച്ചതുപോലെ ഇപ്പോഴും സാധിക്കുമെന്ന് അവർ വിചാരിച്ചു. എന്നാൽ സാധാരണയിൽ കവിഞ്ഞ ഒരു ദൈവാശ്രയം ഇപ്പോൾ ആവശ്യമായിരുന്നു. അതിന് അവർ സന്നദ്ധരല്ലായിരുന്നു. ഇതാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കാറുള്ളതു്. അസാധാരണ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുവാൻ അസാധാരണ വൈദഗ്ദ്ധ്യം ആവശ്യമാണ്. നമ്മുടെ ആവശ്യമനുസരിച്ചു ദൈവത്തിൽ നിന്നു ശക്തിലഭിക്കത്തക്ക വർദ്ധമാനമായ വിശ്വാസം നമുക്കുണ്ടാകണം. ദൈവത്തിന്റെ ശക്തിക്കതിരില്ല. നമ്മുടെ വിശ്വാസം വളർന്നുവന്നാൽ വറ്റാത്ത ഉറവയിൽ നിന്നു ആവശ്യംപോലെ കുടിക്കുവാൻ നമുക്കു കഴിയും. വി. പൗലൂസു പറഞ്ഞതുപോലെ "എന്നെ ശക്തിപ്പെടുത്തുന്നവനായ യേശുനിമിത്തം ഞാൻ സകലത്തിനും മതിയാവുന്നു" എന്നു നമുക്കും പറയുവാൻ കഴിയും. അതിനു ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.

മാകി വന്നു. എന്നാൽ ഈ അടുത്ത കാലത്ത്, ആധുനികചികിത്സയുടെ ഫലമായി പല രോഗികളിലും ശ്വാസകോശത്തിൽ രോഗം ബാധിച്ച ഭാഗത്തിനു ഗണ്യമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. തന്മൂലം ശ്വാസകോശം പ്രവൃത്തിഹീനമാക്കുന്ന (collapse treatment ശസ്ത്രക്രിയയുടെ ആവശ്യം നേരിടുന്നില്ല. പകരം, ശ്വാസകോശത്തിൽ രോഗബാധിതഭാഗത്തിന്റെ വിസ്തീർണ്ണം കുറഞ്ഞ്, കുറഞ്ഞു തീരെ ചെറുതാകുമ്പോൾ അവിടം ശസ്ത്രക്രിയ ചെയ്തു മാററുന്നുണ്ട്. ദീനമേറ്റ ഈ ഭാഗം മാററുന്നതു കാരണം ഉപദ്രവം വീണ്ടും വർദ്ധിക്കാനുള്ള സാദ്ധ്യത കുറയുമെന്നാണ് ഡാക്ടർമാരുടെ അഭിപ്രായം.

ക്ഷയരോഗം വർദ്ധിച്ച അവസ്ഥയിൽ രോഗിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതു് കാണുമ്പോൾ എനിക്ക് നിരാശയാണുണ്ടായിട്ടുള്ളത്. എന്നാൽ അതേ രോഗി കുറച്ചു കാലത്തെ ശരിയായ ചികിൽസക്കു ശേഷം മിക്കവാറും രോഗം ഭേദമായി ആശുപത്രി വിട്ടുപോകുന്നതു കാണുന്നതു് വളരെ സംതൃപ്തികരമാണ് ഇതു് പൂർവ്വകാലങ്ങളിൽ അപൂർവ്വമായിരുന്നെങ്കിലും ഇന്നത്തെ ക്ഷയരോഗ ചികിൽസയിൽ മിക്കവാറും സാധാരണമായിട്ടുണ്ട്. രോഗ ചികിൽസയിൽ ഉണ്ടായിട്ടുള്ള ഈ മാററത്തിന്ന് സഹായിച്ചിട്ടുള്ളത് ആധുനിക ഔഷധങ്ങളോടൊപ്പം നവ കരിച്ചെടുത്ത പഴയ ചികിൽസകൾ ഉപയോഗിച്ചതുകൊണ്ടാണ്.

മററുരോഗങ്ങളെപ്പോലെ ക്ഷയരോഗ ചികിൽസയിലും എത്രയും കാലേക്കൂട്ടി രോഗം കണ്ടുപിടിച്ച് ചികിൽസ ആരംഭിക്കുന്നുവൊ അത്രയും വേഗത്തിലും, എളുപ്പത്തിലും രോഗം ശമിക്കുന്നതാണ്. ഗുരുതരമായ ശ്വാസകോശരോഗങ്ങൾ കണ്ടുപിടിക്കാനുള്ള എളുപ്പവഴി (X-ray) പരിശോധനയാകുന്നു.

ക്ഷയ രോഗത്തിന്റെ സാധാരണ ലക്ഷണങ്ങൾ എളുപ്പത്തിൽ ക്ഷീണം തോന്നുക, തൂക്കം കുറയുക, തുടരെ ചുമയുണ്ടായിരിക്കുക, രാത്രിയിൽ വിയർക്കുക മുതലായവയാകുന്നു. രോഗബാധയെ മുൻകൂട്ടി വിളിച്ചറിയിക്കുന്ന ഈ ലക്ഷണങ്ങളിൽ ഏതെങ്കിലും ഉള്ളതായി സംശയം തോന്നിയാൽ ഉടനെ ഡോക്ടരെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാകുന്നു.

# വേദവായനക്കുറിപ്പ്

തിങ്കൾ. യോഹ: 3: 6—13;

സംസ്കാരമില്ലാത്ത ഒരു വർഗ്ഗത്തിൽ ഞാൻ ജനിച്ചു. എങ്കിലും ഇപ്പോൾ ഞാൻ ഒരു ക്രിസ്ത്യാനിയാണ്. കൃഷ്ണവർണ്ണനായ ഒരു വർഗ്ഗതലവൻ പറഞ്ഞു. പട്ടത്വത്തിനുള്ള ദൈവവിളി ശ്രവിച്ച ഒരു യുവാവ് പറഞ്ഞു. "ഒരു ക്രിസ്തീയഭവനത്തിൽ ജനിച്ച് ജനനത്തിനുമുമ്പുതന്നെ ദൈവത്തിനായി സമർപ്പിക്കപ്പെട്ടു, ക്രൈസ്തവസാഹചര്യങ്ങളിൽ ഞാൻ വളർത്തപ്പെട്ടു." രണ്ടാമൻ പറഞ്ഞതു ശരിയാണെങ്കിലും ജനനസമയത്ത് കാട്ടാളവർഗ്ഗരുടെ ഇടയിൽ ഉപേക്ഷിച്ച്, അവിടെ വളരുവാൻ ഇടയായിരുന്നുഎങ്കിൽ അവൻ ആരുടെ കൂടെ സഹവാസം ചെയ്തോ അവരെപ്പോലെ വളർന്നുവരുമായിരുന്നു. ക്രിസ്തുമതം പരമ്പരാഗതമായി കിട്ടേണ്ട ഒന്നല്ല. ഓരോതലമുറയിലും പെട്ട ഓരോ വ്യക്തിയും അതു് സ്വീകരിക്കുക തന്നെ ചെയ്യണം. അതുകൊണ്ട് ക്രിസ്തുവിന്റെ രക്ഷാവാഗ്ദത്തം ഓരോ തലമുറയിലും പെട്ടവർക്കുള്ളതാണ്. ക്രൈസ്തവ സാഹചര്യത്തിൽ ജനിച്ച് ക്രൈസ്തവസംസ്കാരത്തിന്റേയും ആദർശങ്ങളുടെയും ധന്യതക്ക് അവകാശികളായിതീർന്നവരാണ് നാം ഓരോരുത്തരും. നാം എന്തുമാത്രം സ്വീകരിച്ചിട്ടുണ്ട്; എന്തു മാത്രം നാം കടപ്പെട്ടവരാണ് എന്നു നാം മനസ്സിലാക്കുമ്പോഴാണ് ഭവനത്തിലായാലും. സഭയിലായാലും മിഷ്യൻ വയലുകളിലായാലും ക്രൈസ്തവസാക്ഷികളായി ജീവിക്കേണ്ട ആവശ്യത്തെപ്പററി നാം ബോധമുള്ളവരാകുക. ഈ തലമുറയിൽപെട്ട ആളുകൾക്ക് ക്രൈസ്തവസാക്ഷികളായി ജീവിച്ച് അങ്ങിനെ ക്രിസ്തുവിന്റെ ആയുധങ്ങളായി തീരുവാൻ താൻ നമ്മെ ഓരോരുത്തരേയും വിളിക്കുന്നുണ്ട്. സൗജന്യമായി നമുക്കുലഭിച്ചു; സൗജന്യമായി നാം കൊടുക്കണം.

ചൊവ്വാ. യെശയ്യാവ്: 4. 11—16

നഗരത്തിനടുത്തുള്ള ഒരു വെളിംപ്രദേശത്ത് ക്യാമ്പടിച്ചു ഞങ്ങൾ താമസിക്കുകയായിരുന്നു. രാത്രി അവിടെ ചെലവഴിക്കുവാനാണ ഞങ്ങൾ തീരുമാനിച്ചിരുന്നതു്. സന്ധ്യകഴിഞ്ഞ് ഏകദേശം ഒൻപതുമണി സമയമായപ്പോഴേക്ക് ഒരു തെക്കൻ കാററ് ശക്തിയായി ഊതിത്തുടങ്ങി. അതിനോടൊപ്പിച്ച് ഒരു പററം ഇരണ്ട പക്ഷികളും. അവയെ ഞങ്ങൾക്കുകാണുവാൻ പാടില്ലായിരുന്ന എങ്കിലും അവയുടെ ശബ്ദം കേൾക്കാമായിരുന്നു. [illegible] ഏകദേശം ഞങ്ങളുടെ ഉപരിഭാ[illegible]ലെത്തിയപ്പോൾ ഞങ്ങൾ ഫ്ളാഷ് ലൈററ് അടിച്ചുനോക്കി. വെളിച്ചം അവരുടെ പാതയിലാണ വീണതു്. അത്ഭുതം എന്നേ പറയേണ്ടു. അവ നിശ്ശബ്ദമായി: ഞങ്ങൾ ലൈററ് അണച്ചു കഴിഞ്ഞ ഉടനെ ഇരമ്പൽ ശബ്ദത്തോടുകൂടെ അവ ലക്ഷ്യം നോക്കി പിന്നെയും പറന്നു തുടങ്ങി.

ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുന്ന നമ്മിൽപലരുടെയും സ്ഥിതി ഇതുതന്നെയല്ലേ? ജീവിതത്തെ ഗാഢമായി സ്പർശിക്കുന്ന പല കാററുകൾക്കും മദ്ധ്യായി നാം ദേവാലയത്തിലേക്കു പോകുന്നു. ദേവാലയത്തിലെത്തിയാലും നമ്മുടെ സംസാരം അവസാനിക്കുന്നില്ല. മണിഅടിച്ചു; ഗാനാലാപം തുടങ്ങി; നാം നിശ്ശബ്ദരാകുകയും ചെയ്തു. അവസാനവാഴ്വ് പ്രഖ്യാപിക്കുന്നതുവരെ ഒരുപക്ഷെ ആരാധനയിൽ ലയിച്ചുനാം കഴിച്ചു എന്നു വരാം. അതു കഴിഞ്ഞാലുടനെ നാം പുറത്തിറങ്ങി അകത്തു നടന്നകാര്യങ്ങളെല്ലാം വിസ്മരിച്ചു യാത്രതിരിച്ചുകഴിഞ്ഞു. ഞായറാഴ്ചകഴിഞ്ഞുവരുന്ന ദിവസങ്ങളിലെ ജീവിതത്തിനു കാര്യമായ വ്യതിചലനം വരുന്നതിനു സഹായിക്കുന്ന എന്തെങ്കിലും കണ്ടുപിടിക്കുവാൻ ആരാധനയിൽ ജാഗ്രതയോടെ നാം സംബന്ധിക്കുന്ന ഒരു പതിവ് നമുക്കുണ്ടോ?

ബുധൻ. ഫിലി: 3: 13—16

അയാൾ ഒന്നാംലോകമഹായുദ്ധത്തിൽ ഐക്യകക്ഷിസൈന്യത്തിലെ ഒരു പടയാളി ആയിരുന്നു. പട്ടാളസങ്കേതത്തിൽ അയാൾ താമസിച്ചിരുന്നതു് ഭിന്നസാഹചര്യങ്ങളിൽ നിന്നു് വന്ന മററു അഞ്ചു പേരോടുകൂടി ആയിരുന്നു. സർവകലാശാലവിദ്യാർത്ഥി ആയിരുന്നു. അയാളുടെ സ്നേഹിതർ ഖനനജോലി, ചെരിപ്പുപണി, വ്യവസായശാലതൊഴിൽ എന്നിങ്ങനെ ഭിന്നജോലികളിൽ ഏർപ്പെട്ടിരുന്നവരത്രേ. അവരിൽ പ്രഥമൻ ഒഴിച്ചാൽ മററാരും തന്നെ ക്രൈസ്തവരോ ക്രിസ്തീയജീവിതമാനദണ്ഡത്തിനു് സ്ഥാനം നൽകിയിരുന്നവരോ ആയിരുന്നില്ല. അവർ കൂട്ടപിരിഞ്ഞു പല സങ്കേതങ്ങളിലേക്ക് പോകേണ്ടസമയം സമാഗതമായി. അവരുടെ സഹവാസത്തിന്റെ അന്ത്യദിവസത്തിൽ പ്രായം കൂടിയ ആൾ ആ ക്രിസ്തുവിശ്വാസിയോടു പറഞ്ഞു. "സ്നേഹിതാ ഞങ്ങൾക്കാർക്കും ഇല്ലാത്ത ഏതോ ഒ

...നാം നാളെ ഇവി
...ച്ചുപോകുന്നതിനു മുമ്പു
...നിങ്ങൾ ഞങ്ങളോടു് ദയ
...സാരിക്കുമോ? അയാൾ ഒരു
...ക്രിസ്തുപണ്ഡിതനല്ലായിരുന്നു എ
...ങ്കിലും ലോകരക്ഷകനെപറ്റി ചിലതെല്ലാം അവരോടു സംസാരിച്ചു. ക്രിസ്തുവിനെ സർവമനുഷ്യരും അറിയണമെന്നുള്ളതു് അവിടത്തെ അഗ്രഹമാകുന്നു. ഈ നൂറ്റാണ്ടിൽ തന്റെ സാക്ഷികളായി തീരേണ്ടതു് നാം ഓരോരുത്തരുമാകുന്നു.

വ്യാഴം. 2. കൊരി. 5: 17—21.

ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഒരു ക്രൈസ്തവയുവാവു് തന്റെ ജീവിതം എല്ലാ പ്രകാരത്തിലും പ്രയോജനകരമായ ഒരു ജീവിതം ആയി നയിക്കണമെന്നു് അഗ്രഹിച്ചു. അതിനായി അയാൾ ആദ്യം തെരഞ്ഞെടുത്തതു് സൈന്യസേവനമായിരുന്നു. എന്നാൽ പിന്നീടുള്ള ചിന്തയുടെ ഫലമായി സഭയിൽ ഒരു പട്ടക്കാരനായുള്ള ജീവിതമാണു് ഏറ്റവും ഉത്തമമെന്നു് അയാൾക്കു തോന്നുകയും തദനുസരണം തീരുമാനിക്കുകയും ചെയ്തു. സൈന്യസേവനത്തിൽ തനിക്കു ലഭിക്കാവുന്ന ഉന്നതികൾ അയാളെ വളരെ ആകർഷിച്ചു. അതുപേക്ഷിക്കുവാൻ വലിയ പ്രയാസവും തോന്നി. അയാൾ അവസാനം ഒരു മാർഗ്ഗമാണു അതിനു് കണ്ടുപിടിച്ചതു്. സമീപത്തുള്ള ഒരു ദേവാലയത്തിൽ പ്രവേശിച്ചു് തന്റെ പഴയ സ്വാർത്ഥതയ്ക്കുവേണ്ടി ഒരു ശവസംസ്കാര ശുശ്രൂഷ അയാൾ നടത്തി. അങ്ങനെ സൈന്യസേവനത്തിനുള്ള അഗ്രഹവും വ്യാമോഹവും അയാൾ സംസ്കരിക്കുക തന്നെ ചെയ്തു. ആ ദേവാലയത്തിൽ നിന്നു് അയാൾ പുറത്തുവന്നതു് ക്രിസ്തുവിനുവേണ്ടി പരിപൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു പുതിയ മനുഷ്യനായിട്ടാണു്. ഇന്നു് ലോകത്തിനു് ആവശ്യമായ കാര്യങ്ങൾ നമ്മൾ നിവ്വഹിക്കപ്പെടണമെങ്കിൽ ഇതുപോലെ വല്ലതും നാമും ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ശക്തിയാൽ നമ്മിലുള്ള സ്വാർത്ഥതപരാജയമടയുകയും നാം ആത്മീയനിലയിൽ കൂടെക്കൂടെ ഉന്നതമായ ഒരു ജീവിതം നയിക്കുകയും ചെയ്യുന്നു എങ്കിൽ ലോകത്തിൽ കാണുന്ന ശത്രുതയും അത്യാഗ്രഹവും എല്ലാം പാടെ നിർമ്മാർജ്ജനം ചെയ്യപ്പെടുന്നതുമായിരുന്നു. നാമധേയക്രൈസ്തവരായിട്ടല്ല എന്നാലോ ലോകത്തിനു് ഇന്നു് അവശ്യമുള്ള ഉത്തമക്രൈസ്തവരായിട്ടാണു് നാം ജീവിതം നയിക്കേണ്ടതു്.

വെള്ളി. ലൂക്കോസ്. 3, 9—14.

ക്രിസ്തുമതം പ്രവർത്തനനിരതമായ ഒരു മതമാകുന്നു. നന്മപ്രവൃത്തികൾ ചെയ്യുന്നവരായി ജീവിക്കുവാൻ അതു നമ്മോടു് ആവശ്യപ്പെടുന്നു. യോഹന്നാൻ സ്നാപകന്റെ പ്രസംഗം കേട്ടവർ ഞങ്ങൾ എന്തു വിശ്വസിക്കണമെന്നല്ല എന്തുചെയ്യണമെന്നാണു് ആരാഞ്ഞതു്. ഇന്നത്തെ വേദഭാഗത്തിൽ നാം വായിക്കുന്നപ്രകാരം അവർ എന്തുചെയ്യണമെന്നു് യോഹന്നാൻ അവരെ ഉപദേശിച്ചു. ശ്രദ്ധാർഹമായ ഒരു പട്ടികയാണു് അവിടെ നാം കാണുന്നതു്. യോർദ്ദാൻ നദിയിൽ സ്നാനം ഏറ്റപ്പോൾ മുതലുള്ള കർത്താവിന്റെ ജീവിതവിവരണമേ നമുക്കു ലഭിച്ചിട്ടുള്ളു. മതാനുഭവത്തിന്റെ പ്രത്യക്ഷലക്ഷ്യം നന്മപ്രവൃത്തികളായി താൻ കരുതിയിരുന്നു. നസറേത്തിലെ സുന്നഗോഗിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട അവസരത്തിൽ വി. വേദത്തെ അടിസ്ഥാനമാക്കി ദൈവത്തിന്റെ ആത്മാവു് തന്റെ മേലുണ്ടെന്നു് താൻ അവകാശപ്പെട്ടു. അതുകൊണ്ടു് താൻ നിറുത്തിയില്ല. യെശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ ചില വാക്യങ്ങൾ മുൻനിറുത്തി താൻ ആത്മാവിനാൽ അഭിഷിക്തനായതിനു് പ്രത്യുത്തരമെന്നനിലയിൽ ഊർജ്ജസ്വലമായ ഒരു സേവനസരണി താൻ തെരഞ്ഞെടുക്കുകയും ചെയ്തു. യേശുവിന്റെ ജീവിതത്തോടു തുല്യമായ ഒരു ജീവിതമാണു താനിന്നു് നമ്മോടും ആവശ്യപ്പെടുന്നതു്. "കർത്താവേ, കർത്താവേ എന്നു എന്നെ വിളിക്കുന്നവനല്ല സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുന്നതു്. എന്നാലോ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ." "എന്റെ വചനം കേൾക്കുകയും അതു പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യൻ പാറമേൽ തന്റെ ഭവനം നിർമ്മിച്ച മനുഷ്യനോടു തുല്യനാകുന്നു."

ശനി. മർക്കോസ് 4: 14—20

ആരോ ഫലിതരസത്തോടുകൂടെ ഈ വിധം പ്രഖ്യാപിക്കുകയുണ്ടായി. "ഒരു മനുഷ്യൻ ചെയ്യണമെന്നു് ആത്മാർത്ഥമായി ആഗ്രഹിക്കുന്നതു് അവൻ ചെയ്യുന്നു; അതേസമയത്തു് താൻ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെന്നു ഭാവിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ സമയമില്ലെന്നു പരാതിപ്പെടുകയും ചെയ്യുന്നു." വിദ്യാലയത്തിൽ താമസിച്ചു പഠനം നടത്തുന്ന വിദ്യാർത്ഥിക്കു് വീട്ടിലേക്കു എഴുത്തു് എഴുതുവാൻ സമയമില്ല. വി. വേദപുസ്തകം വായിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ചില ഭവനാംഗങ്ങൾക്കു സമയമില്ല. സ്വന്തം മുറി വൃത്തിയായി സൂക്ഷിക്കുവാൻ മറ്റു ചിലർക്കു് സമയമില്ല. അപ്രധാന കാര്യങ്ങളെന്നു നാം ചിന്തിക്കുന്ന കാര്യങ്ങളെപ്പറ്റി മാത്രമേ നാം അശ്രദ്ധ കാണിക്കുകയുള്ളു. നമ്മുടെ മതപരമായ ചില കർത്തവ്യങ്ങളും സാന്മാർഗ്ഗികമായ ചില ഉത്തരവാദിത്വങ്ങളും ഒഴിഞ്ഞുമാറുന്നതിനു നാം ഉദ്ധരിക്കുവാൻ ഇടയുള്ള ചില കാര്യങ്ങൾ

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

# രക്തസാക്ഷിയായ സെൻറ് പീറ്റർ ബാൽസാം

(കെ. മാത്യു, വൈദികവിദ്യാർത്ഥി)

ക്രിസ്തീയസഭ ഇന്നത്തെ രീതിയിൽ വളരുവാൻ ഇടയാക്കിയ സംഭവങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത സംഭവമാണ് രക്തസാക്ഷികളുടെ മരണം. ക്രിസ്തുസഭയുടെ 3-ം 4-ം നൂറ്റാണ്ടുകളിലെ ചരിത്രങ്ങളിലേക്കു കണ്ണോടിച്ചാൽ അതതു സ്ഥലങ്ങളിൽ വിശുദ്ധപിതാക്കന്മാർ അവർ വിശ്വസിച്ച സത്യവിശ്വാസത്തിനുവേണ്ടി ഈ ലോകത്തിന്റെ ഭരണകർത്താക്കളിൽ നിന്നും ക്രൂരമരണം പ്രാപിച്ചതായി കാണാം. പലസ്തീനിൽ 311-ൽ നടന്ന അതിശയകരമായ ഒരു സംഭവമാണ് ഇവിടെ ചേർക്കുന്നതു്.

പീറ്റർ ബാൽസാം പലസ്തീനിൽ ഇലിയുത്തറോ പോലീസ്' എന്ന സ്ഥലത്തു ഭൂജാതനായി. മാക്സിമിനസ്സി (311-നു് അടുത്തു ജീവിച്ച ഒരു ചക്രവർത്തി) ന്റെ കാലത്തു നടന്ന ഒരു വലിയ മതപീഡയിൽ ഇദ്ദേഹം ഔലലൻ എന്ന പ്രദേശത്തുവച്ചു പിടിക്കപ്പെട്ടു. പ്രാദേശികഗവർണ്ണറായ സെവറസ്സിന്റെ മുമ്പാകെ അദ്ദേഹത്തെ കൊണ്ടുവന്നു. നിന്റെ നാമം എന്തെന്നുള്ള ചോദ്യത്തോടുകൂടി ഗവർണർ വാദം ഉൽഘാടനം ചെയ്തു.

പീറ്റർ—"എന്റെ കുടുംബനാമം ബാൽസാം എന്നാകുന്നു. എന്റെ മാമ്മോദീസാ സമയത്തു നൽകപ്പെട്ട പുതിയ നാമം പീറ്റർ എന്നത്രെ."

സെവറസു—"ഏതു കുടുംബക്കാരൻ ഏതു രാജ്യക്കാരൻ"

പീറ്റർ—"ഞാനൊരു ക്രിസ്ത്യാനി"

സെവറസ്—"നിന്റെ തൊഴിൽ എന്തു്?"

പീറ്റർ—"ഒരു ക്രിസ്ത്യാനിയായി ലോകത്തിൽ ജീവിക്കുന്നതിനേക്കാൾ അഭിമാനമുളവാക്കുന്ന ജോലി എന്തു്?"

സെവറസ്— "രാജശാസനം എന്തെന്നു നീ ധരിച്ചിട്ടുണ്ടോ?"

പീറ്റർ—"ലോകത്തിന്റെ ഒക്കെയുടേയും രാജാധിരാജാവിന്റെ നിയമങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്."

സെവറസ്—"നമ്മുടെ എല്ലാവരുടെയും പരിപാലകനും കാരുണ്യവാനുമായ ചക്രവർത്തിതിരുമനസ്സിലെ കല്പന നീ മനസ്സിലാക്കണം. നമ്മുടെ രാജകീയ ദൈവങ്ങൾക്കു ബലികഴിക്കണമെന്നും അതിനെ തിരസ്കരിക്കുന്നവൻ ശിക്ഷിക്കപ്പെടണമെന്നും തന്നെ. നീ ഉടനെ അതു ധരിക്കുക."

പീറ്റർ—നീ ഉപദേശിക്കുന്ന പൈശാചികശക്തിക്കു ബലി കഴിക്കുന്നവൻ നിത്യാഗ്നിക്കു പാത്രവാനാകണമെന്നുള്ള എന്റെ രാജാധിരാജന്റെ കല്പന നീ മനസ്സിലാക്കിയാലും. നിന്റെ വാൾമൂലം മരണം പ്രാപിച്ചു് എന്റെ രാജാവിന്റെ വാടാത്ത കിരീടം പ്രാപിക്കണമെന്നോ. ഞാൻ എന്റെ രാജകല്പനയെ ഉപേക്ഷിച്ചു ലൗകികാധിപതിയുടെ കല്പനയനുസരിച്ചു നിത്യനരകത്തിനു യോഗ്യനാകണമെന്നോ. ഏതു് ഉപദേശിക്കുന്നു."

സെവറസ്—"നീ എന്റെ ഉപദേശത്തെ ചോദ്യം ചെയ്യേണ്ട. ചക്രവർത്തിതിരുമനസ്സിലെ കല്പനയനുസരിച്ചു നമ്മുടെ ദൈവങ്ങൾക്കു ബലി അർപ്പിക്കുക."

പീറ്റർ—"അചേതനങ്ങളും ലോഹനിർമ്മിതങ്ങളുമായ ഈ ദൈവങ്ങൾക്കു ബലികഴിപ്പാൻ എന്നെ നിർബന്ധിക്കേണ്ട. അതിൽ എന്നെ ഉൾപ്പെടുത്തുവാൻ നിനക്കു സാദ്ധ്യവുമല്ല."

സെവറസ്—"നിന്റെ ശിരച്ഛേദനത്താൽ ഈ അവഹേളനത്തിനു പക വീട്ടുവാൻ എനിക്കധികാരമുണ്ടു്' എന്നു നീ മനസ്സിലാക്കുക."

പീറ്റർ—"എനിക്കു നിന്നെ അവഹേളിക്കണമെന്നോ, ഒന്നും ആഗ്രഹമില്ല. എന്റെ രാജകല്പനയേ ഓർപ്പിക്കുന്നു എന്നു മാത്രം"

സെവറസ്—"നിനക്കു തന്നത്താൻ അനുതാപമുണ്ടായി ശാസനം അനുസരിക്കുന്നുവോ?" അതേ മഹാനായ മക്സിമിനസ്സിന്റെ തിരുവിളംബരം തന്നെ".

പീറ്റർ—"ഞാൻ അനുതപിക്കുന്നുവെങ്കിൽ എന്റെ [illegible] നയേ അതിലംഘി[illegible] സാദ്ധ്യം."

സെവറസ്—"നിന്നോ[illegible] ണിപ്പാൻ ഞാൻ ആഗ്രഹിക്ക[illegible] ന്റെ ആത്മാവിനെ രക്ഷിപ്പാൻ[illegible] ണ്ട ഉപദേശം നൽകുവാൻ എന്നെ അനുവദിക്കുക."

പീറ്റർ—"താമസത്തിനു കാരണം ഇല്ല: എന്റെ ഹൃദയം അണുപോലും പിന്നിലേക്കു ചലിക്കുകയില്ല. നിങ്ങളുടെ പിതാക്കന്മാർ അടിസ്ഥാനമിട്ടതും നിന്റെ അധികാരത്തിലിപ്പോൾ ലഭിച്ചിരിക്കുന്നതുമായ നീചമായ പ്രവൃത്തിയേ ഒട്ടും താമസിയാതെ നിർവഹിക്കുക. എന്നെ എന്തു ചെയ്താലും യേശുക്രിസ്തു എന്ന എന്റെ കുരിശിക്കപ്പെട്ടവനായ രാജാവിനെ ഉപേക്ഷിക്കുകയില്ല."

സെവറസ് ഈ വാക്കുകളെ ശ്രവിച്ചപ്പോൾ അദ്ദേഹത്തെ (പീറ്റർ) ഒരു പീഡനയന്ത്രത്തിൽ ഉയർത്തുവാൻ ആജ്ഞാപിച്ചു. അദ്ദേഹം വായുവിൽ ഉയർന്നപ്പോൾ പുച്ഛസ്വരത്തിൽ "പീറ്ററേ നീ പീഡനം എന്തെന്നു മനസ്സിലാക്കുന്നുവോ? ബലികഴിക്കുവാൻ താല്പര്യപ്പെടുന്നുവോ" എന്നു വിളിച്ചുചോദിച്ചു. പീറ്റർ അതിനു "ഇരുമ്പു ചൂണ്ടകൾ എന്നെ ചീന്തട്ടെ. ഏതു പീഡയും എന്റെ നേരെ വരട്ടെ. നിന്റെ ബിംബങ്ങൾക്കു് ഞാൻ ബലികഴിക്കുകയില്ല. ഞാൻ ആരുനിമിത്തം ജീവിക്കുന്നുവോ ആ കാരുണ്യവാനു് അല്ലാതെ ഒരുവനും ബലികഴിക്കുകയില്ല" എന്നു മറുപടി പറഞ്ഞു.

ഇതിനുശേഷം ഗവർണ്ണർ തന്റെ പീഡകളെ പീറ്ററിന്റെ നേരെ ഇരട്ടിയായി വർദ്ധിപ്പിച്ചു. പരിശുദ്ധൻ മരണത്തോടു വളരെ അടുത്തിരുന്നു. അവൻ ഉയരത്തിൽ തൂങ്ങിനിന്നുകൊണ്ടു് ഇങ്ങനെ പറഞ്ഞു. "ഞാൻ എന്റെ നാഥനോടു് ഒരു കാര്യം അപേക്ഷിക്കും. അതേ ഞാൻ എന്റെ എല്ലാക്കാലവും അവനോടുകൂടെ ആയിരിപ്പാൻ അനുവദിക്കണം എന്നുതന്നെ. ഞാൻ രക്ഷയുടെ കാസയേ പാനം ചെയ്യും. എന്റെ നാഥന്റെ നാമത്തിൽ എടുക്കപ്പെടും." രക്തസാക്ഷിയുടെ രക്തം പീഡനകളത്തിൽ ഒഴുകുന്നതുകണ്ടു കാണികൾ നീ പീഡനത്തിൽ നിന്നു രക്ഷ പ്രാപിക്കുവാൻ ചക്രവർത്തിയുടെ ശാസനത്തെ അനുസരിക്കുക എന്നു് ഉച്ചത്തിൽ പറഞ്ഞു.

പീറ്റർ—"നിങ്ങൾ ഇതിനെ പീഡകൾ എന്നു പറയുന്നുവോ. എനിക്കിതിൽ അല്പംപോലും വേദന അനുഭവ

---

കർത്താവു് പറഞ്ഞതു സുവിശേഷകൻ ഉദ്ധരിക്കുന്നുണ്ടു്. നമ്മുടെ സമ്പാദ്യം, ഒരു ബന്ധുവിന്റെ ആവശ്യം ഇങ്ങനെ ഓരോന്നും. നമുക്കു് താല്പര്യമുള്ള കാര്യങ്ങളെപ്പറ്റി നാം അലസരായിരിക്കുകയില്ല.

ദൈനംദിനജീവിതത്തിൽ ആത്മികമായ കാര്യങ്ങൾ ശാരീരികാവശ്യങ്ങൾ പോലെതന്നെ പ്രാധാന്യം അർഹിക്കുന്നവയാകുന്നു. നമ്മുടെ ജീവിതത്തിൽ ആദ്ധ്യാത്മികജീവിതത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കിത്തുടങ്ങുമ്പോൾ ആ വക കാര്യങ്ങളെപ്പറ്റി നമുക്കുള്ള അലസത മാറിപ്പോകുന്നതാണ്.

... Dated 20-8-1946 Reg. M. 5268

# ...CHURCH WEEKLY

... പക്ഷേ എന്റെ രാജാ... അവിശ്വസ്തത കാണിച്ചാൽ ഞാൻ കഠിന പീഡകൾ അതേ അവസാനമില്ലാത്ത വേദനകളിൽ നിപതിക്കേണ്ടതായിവരും. സഹിപ്പാൻ കഴിയാത്ത നൊമ്പരങ്ങൾതന്നെ."

സെവറസ —വീണ്ടും ആവർത്തിച്ചു "പീററേ നീ പശ്ചാത്തപിച്ചു ബലി കഴിക്കുക"

പീററർ—ആദ്യം നൽകിയ പ്രതിവചനം തന്നെ വീണ്ടും ആവർത്തിച്ചു-

സെവറസ്—"ഞാൻ നിന്നെ ശിരഛേദം ചെയ്യുവാൻ പ്രഖ്യാപിക്കും."

പീററർ—"അതു ഞാൻ അതിയായി താല്പര്യപ്പെടുന്നു."

തന്നെ വധിക്കുവാൻ നിശ്ചയിച്ചുകൊണ്ടു താഴെവരുംപ്രകാരം ഒരു ശാസനം എഴുതി വായിച്ചു. "പീററർ ബാൽസാം മഹാനായ ചക്രവർത്തിയുടെ കല്പന തിരസ്കരിക്കുകയും, ഞങ്ങളുടെ ഉപദേശം അവഗണിക്കുകയും, നസ്രേത്തുകാരനും കുരിശിൽ തറയ്ക്കപ്പെട്ടവനുമായ യേശുവിനെ അവന്റെ രാജാവെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നതിനാൽ അവന്റെ രാജാവെന്നു പറയുന്നവനു ലഭിച്ച ശിക്ഷതന്നെ ഇവനും നൽകുവാൻ ഞങ്ങൾ ആജ്ഞാപിക്കുന്നു." സെവറസ്സിന്റെ ആജ്ഞപ്രകാരംതന്നെ പീഡനയന്ത്രത്തിൽനിന്നു താഴ്ത്തി കുരിശിൽ തറച്ചുകൊന്നു. പലസ്തീനിൽ ജീവിച്ച ഒരു സത്യ ക്രിസ്ത്യാനിയും പരിശുദ്ധനുമായ പീററർ ബാൽസാം 311-ൽ രക്തസാക്ഷിയായി. ഈ വധം നടന്നതു് ജനുവരി 3-നു എന്നത്രെ പറയപ്പെടുന്നതു്.

രക്തസാക്ഷികളുടെ ചരിത്രത്തിൽനിന്നു മനുഷ്യനു സ്ഥിരത, ധീരത, ഭയാനകങ്ങളായ അപകടങ്ങളിൽ ധൈര്യം, സന്തോഷം പീഡകൾ എന്നിവ സഹിക്കുവാൻ വാഞ്ഛാപൂർവമായതാണു് ക്രിസ്തീയവിശ്വാസം എന്നു മനസ്സിലാക്കുവാൻ കഴിയും. ഇതു് ഒരു മനുഷ്യന്റെ ജീവിതം മുഴുവനും സമാധാനം തരുന്നു. എല്ലാ സന്ദർഭത്തിലും ആശ്വാസം തരുകയും ചെയ്യുന്നു. മരണം ലൗകികമനുഷ്യനു ഭയാനകവും വിശുദ്ധനു് കിരീടവും അവന്റെ സന്തോഷത്തിന്റെയും പരമാനന്ദത്തിന്റെയും പൂർണ്ണതയും ആകുന്നു.

## വിശ്വാസവും ആചാരക്രമവും

### ക്രിസ്തുവിലുള്ള നമ്മുടെ ഏകത്വവും സഭകളായുള്ള നമ്മുടെ വൈരുദ്ധ്യവും

II

a) ഈ സഭ വിശ്വാസത്താൽ അറിയപ്പെടാവുന്നതാണോ? "ഞാൻ കാതോലിക വിശുദ്ധസഭയിൽ വിശ്വസിക്കുന്നു." എന്നു പറയുമ്പോൾ നാം അതു ഏററുപറയുകയും അതിനായി സമർപ്പിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ടോ?

b) സ്നാനസമയത്തു് നാം ഈ സഭയിലേക്കു ഒട്ടിച്ചുചേർക്കപ്പെട്ടോ? തന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും ക്രൂദാശ സ്വീകരിക്കുമ്പോൾ നാം ഒരുമിച്ചും അന്യോന്യവും ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നുപറയുന്നതു് ഏതർത്ഥത്തിലാണു്.

c) സഭ പുതിയ ലോകത്തിലും വരുവാനുള്ള കാലത്തും സ്ഥിതിചെയ്യുന്നതുകൊണ്ടു് ചരിത്രത്തിൽ അതു ജീവിക്കുന്നതു് അതിന്റെജീവൻ വീണ്ടും വീണ്ടും പുതുക്കപ്പെടുന്നതിനാലാണു്. വരുവാനുള്ള കാലത്തെ ശക്തികളുമായി ബന്ധിക്കപ്പെടുന്നതിനാലാണു് ഇതു സാദ്ധ്യമാകുന്നതു്. ഇതു് എങ്ങനെ പ്രദർശിപ്പിക്കപ്പെടും.?

d) യേശുക്രിസ്തു തന്റെ സഭയുടെ മാത്രമല്ല ലോകത്തിന്റെയും പ്രത്യാശയായിരിക്കുന്നതുകൊണ്ടു് എവിടെയാണു നമ്മുടെ "ക്രിസ്തുവിലുള്ള ഐക്യം" ചരിത്രസംഭവങ്ങളിൽ വെളിപ്പെടുത്തി കാണിക്കപ്പെടുന്നതു്.?

അനൈക്യതകളുടെ മദ്ധ്യേ ക്രിസ്തുവിലും സഭയിലുമുള്ള ഈ ഐക്യത നമ്മുടെ ഇടയിൽ അനുഭവപ്പെടുന്നുണ്ടു്. ചരിത്രത്തിൽത്തന്നെ ഈ ഐക്യത പ്രത്യക്ഷപ്പെടുന്നതിന്റെ വിവരണമായി താഴെ പറയുന്നവ സ്വീകാര്യമാണോ?

a) ആഴമായ അർത്ഥത്തിൽ നമ്മുടെയെല്ലാം അടിസ്ഥാനമായ തിരുവചനങ്ങളിലുള്ള പൊതുവായ ആശ്രയത്തിൽ നാം അതറിയുന്നു.

b) പൊതുവായി നാം കരുതുന്ന സമ്പാദ്യങ്ങളായ തന്റെ സഭയുടെ നിക്ഷേപങ്ങൾ—കർത്താവിന്റെ പ്രാർത്ഥന, വിശുദ്ധന്മാരുടെ ജീവിതവും സാക്ഷ്യവും, നൂററാണ്ടുകൾ പഴക്കമുള്ള സഭയുടെ ഗീതങ്ങളും പ്രാർത്ഥനകളും, സാർവലൗകിക സഭയുടെ വിശ്വാസപ്രമാണങ്ങൾ.

c) നമ്മുടെ [illegible] അംഗീകരിക്കാത്ത ഏററുപാട്ടുകളോ വ്യാഖ്യാനങ്ങളോ ഉണ്ടായാൽത്തന്നെ ഇതരസഭകളിലും നമുക്കു ബോദ്ധ്യപ്പെടുന്ന യഥാർത്ഥസഭയുടെഅംഗങ്ങളിൽ ഈ ഐക്യത ദർശിക്കുന്നു.

d) ഒരുമിച്ചും സഹകരിച്ചും പ്രവർത്തിക്കുവാൻ തക്കവണ്ണം—സുവിശേഷഘോഷണം, തന്റെ ജനങ്ങൾക്കുള്ള ശുശ്രൂഷ, തന്റെ സൗഖ്യമാകുന്ന വേലയുടെമുഖാന്തരങ്ങളാകുന്ന മുതലായവയിൽ ക്രിസ്തു സഭകളെ വഴി നടത്തിയിട്ടുള്ള വിവിധരംഗങ്ങളിൽ നാം അതുകാണുന്നു.

e) വിവിധ പാരമ്പര്യത്തിലുള്ള ക്രിസ്ത്യാനികൾ വ്യവസായശാലകളിലോ, യുദ്ധരംഗങ്ങളിലോ, തടങ്കൽപാളയങ്ങളിലോ, മററുസ്ഥലങ്ങളിലോ എതിർപ്പിന്റെയും ഏകാന്തതയുടെയും മദ്ധ്യേ ഒരുമിച്ചു് ആരാധിക്കുന്നതിനോ സാക്ഷിക്കുന്നതിനോ സാധിച്ചിട്ടുള്ള അവസരങ്ങളിൽ ഇതു് അനുഭവിച്ചിട്ടുണ്ടു്.

f) ക്രിസ്തുവിലുള്ള നമ്മുടെ ഏകത്വത്തെക്കുറിച്ചും സഭകളായി നമ്മുടെ അകൽച്ചകളെക്കുറിച്ചും ആഴമായ സംഭാഷണങ്ങളിൽ ഏർപ്പെടുവാൻ തക്കവണ്ണം ക്രിസ്തു നമ്മെ സഭകളായി ആകർഷിച്ചിട്ടുള്ള ഘട്ടങ്ങളിൽ അതു നാം അറിഞ്ഞിട്ടുണ്ടു്.

g) സഭകളിലായി അഖിലലോകസഭാകൗൺസിലിന്റെ അംഗത്വത്തിൽ നിന്നുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്തിട്ടുള്ളതിലും തന്റെ ഹിതം അനുസരിക്കുന്നതിൽ ഇതിനകം അനുഭവപ്പെട്ടിട്ടുള്ള ഐക്യതയിലും അതു കാണാം.

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam